കലാലയം

union christian college alumni uae chapter

V E R U K A L

THE UCC UAE MAGAZINE - 2024



# വേരുകൾ


www.beavercfo.com
Our business model provides you with access to advice and expertise of your own Chief Financial Officer for a fraction of the cost of having one on your payroll.
BEAVER CFO
VIRTUAL CFO . ADVISORY . TAX
+971506402390
+971555699860
info@beavercfo.com
YOUR TRUSTED TAX & COMPLIANCE PARTNER IN THE UAE
TAILOR MADE FINANCIAL ADVISORY SOLUTIONS
SERVING FREE ZONES , RETAIL, LOGISTICS, HEALTHCARE, EDUCATION, HOSPITALITY, SHOW PRODUCTION, FMCG, FOOD, REAL ESTATE, FASHION AND CONSTRUCTION SECTORS IN UAE
12345678



"ഈ വേനൽ വറുതിയിലും
വേരുകൾ ഉണങ്ങിയില്ല
മരുഭൂമിയാണ്
വല്ലപ്പോഴും ഒരിറ്റു വെള്ളം
ധാരാളം സൂര്യപ്രകാശം
മതി
ഗാഫ് മരമാണ്
ഇനിയും അനേകം യാത്രികർക്ക്
തണലേകേണ്ടതാണ് "

# EXECUTIVE COMMITTEE


President
**Wilson Alexander**


Secretary
**Ramesh Puthalathu**


Treasurer
**Deepak Warrier**


Vice President
**Ajith Kumar Gopinath**


Vice President
**Lekha Devi Prasad**


Joint Secretary
**Remith R.P.**


Joint Secretary
**Sarath Mohandas**


Programme Coordinator
**Shibu Mathew**


Programme Coordinator
**Merin Paul**


Arts Convenor
**Biju G Nair**


Sports Convenor
**Alex Joseph**


Membership Coordinator
**Rahul Sukumaran**


Membership Coordinator
**Vijay Venugopal**


OSA Exec. Committee Member
**Cindrella Remith**

# ADVISORY MEMBERS


**Subi George**


**Geeta Pillai**


**Biju B Raphael**


**Bonny Mathew**


**Faisal Hameed**


**Muralidharan Ramakrishnan**


**Preetham Bhaskar**


**Sabu Koithara**


**Adv Salim Anchamparuthy**


**Satheep Mathew**

# EDITOR'S DESK

**Wilson Alexander, Biju B Raphael, Ramesh Puthalathu**

# EDITORIAL



മനസ്സിലേക്ക് ആഴ്ന്നിറങ്ങിയ സൗഹൃദത്തിന്റെ വേരുകൾ.
അഞ്ചു വർഷങ്ങൾക്ക് അഞ്ചു പതിറ്റാണ്ടുകളുടെ ദൈർഘ്യം. 2019 ഡിസംബറിലാണ് വേരുകളുടെ മൂന്നാം പതിപ്പ് പുറത്തിറക്കിയത്. ലോകക്രമത്തെ മാറ്റി മറിച്ച വർഷങ്ങളാണ് തുടർന്ന് വന്നത്. കോവിഡ് മഹാമാരി ലോകം കീഴടക്കിയപ്പോൾ ഒരു സൂക്ഷ്മജീവി തൻമാത്രയുടെ കാൽകീഴിൽ ഏഴു ദശലക്ഷത്തോളം മനുഷ്യർ ഉറുമ്പുകളെ പോലെ ചത്തൊടുങ്ങുന്നതിന് നാം സാക്ഷ്യം വഹിച്ചു. എന്നാൽ നിലനിൽപിന് വേണ്ടി എത്ര ദൂരത്തേക്കും നീണ്ടു പോകുന്ന വേരുകളെ പോലെ ശാസ്ത്രബോധമുള്ള മനുഷ്യൻ മറുമരുന്നുമായെത്തി. പിന്നീട് ലോക്ക്ഡൗണിന്റെ ബന്ധനത്തിൽ നിന്ന് നാം പുറത്തിറങ്ങിയപ്പോൾ സ്വാതന്ത്ര്യത്തിന്റെ വിലയെന്തെന്നു ബോധ്യപ്പെട്ടു. നാളെ ചെയ്യാനാഗ്രഹിക്കുന്നത് ഇന്ന് തന്നെ ചെയ്യാനുള്ള വ്യഗ്രതയേറി. ഇതിനിടയിൽ ഒരു ഔദ്യോഗിക ചടങ്ങുകളുമില്ലാതെ വേരുകളുടെ മൂന്നാം പതിപ്പ് വിതരണം ചെയ്യേണ്ടതായും വന്നു.

കഴിഞ്ഞ അഞ്ചു വർഷങ്ങൾക്കിടയിൽ നമ്മുടെ അലുംനിയിലെ പലരും പ്രവാസം മതിയാക്കി തിരികെ നാട്ടിലേക്ക് ചേക്കേറി. 2022 ൽ നമ്മുടെ കോളേജിന്റെ നൂറാം വാർഷികത്തിൽ UAE അലുംനിയുടെ പങ്കാളിത്തവും ശ്രദ്ധിക്കപ്പെട്ടു. കൂടുതൽ അംഗങ്ങളെ ചേർത്തുകൊണ്ട് 2023 ൽ അലുമ്നിയുടെ പത്താം വാർഷികം സമംഗളം ആഘോഷിച്ചു. മാറ്റം മനുഷ്യന് മാത്രമുള്ളതല്ല എന്ന് തെളിയിച്ച പ്രകൃതി, ഈ ഊഷരഭൂമിയിൽ വൻമഴയായി പെയ്തിറങ്ങി അനേകരെ പ്രളയ കെടുതിയിലാക്കുന്നതിനും നാം സാക്ഷികളായി. അവിടെയും നമ്മുടെ അലുംനി കുടുംബാംഗങ്ങൾ സമൂഹത്തിന് കൈത്താങ്ങുമായി മുന്നിട്ടിറങ്ങി.

ഈ നാലാം പതിപ്പ് എന്തുകൊണ്ടും പ്രത്യേകതകൾ ഉള്ളതാണ്. മലയാളത്തിലെ അറിയപ്പെടുന്ന എഴുത്തുകാരുടെ നിരയിലുള്ള യൂസിയൻമാരുടെ രചനകൾക്കൊപ്പമാണ് അലുംനി അംഗങ്ങളുടെ സൃഷ്ടികളും ഉൾപ്പെടുത്തിയിരിക്കുന്നത്.

മനോഹരമായ കവർ പേജിലുള്ള പെയിന്റിംഗ് UAE യിലെ അറിയപ്പെടുന്ന ചിത്രകാരനും നമ്മുടെ അംഗവുമായ ബോണി മാത്യുവിന്റെ സൃഷ്ടിയാണ്. 'വേരുകളുടെ' അച്ചടിക്ക് വേണ്ടിയുള്ള പേപ്പർ ലഭ്യമാക്കിയത് സാബു കോയിത്തറയും, പ്രശസ്തരായ യൂസിയൻ എഴുത്തുകാരുടെ രചനകൾക്കുവേണ്ടി അക്ഷീണം പ്രയത്നിച്ചത് രമേശ് പുത്തലത്തുമാണ്.

ഇത്തവണ **Editor's Desk** ൽ പ്രതിഭാധനനായ ബിജു ബി റാഫേലിന്റെ സാന്നിധ്യവുമുണ്ട്. ഇവരോടെല്ലാം നാം കടപ്പെട്ടിരിക്കുന്നു.

വേരുകളുടെ ഈ ലക്കവും മനോഹരമായി ഡിസൈൻ ചെയ്ത **Kurians Printing LLC** യിലെ ശ്രീ പി. ഷൗക്കത്തലിയോടുള്ള നന്ദി അറിയിക്കുന്നു.

2023 ൽ പത്താം വാർഷിക സ്മരണികയായി 14 മിനിറ്റു ദൈർഘ്യമുള്ള ഒരു ചെറു ഡോക്യുമെന്ററിയാണ് പുറത്തിറക്കിയത്. പതിനൊന്നാം വാർഷികത്തിൽ കെട്ടിലും മട്ടിലും പുതുമയോടെ 'വേരുകളുടെ' നാലാം പതിപ്പ് സമർപ്പിക്കുന്നു.
നിർദ്ദേശങ്ങളും അഭിപ്രായങ്ങളും അതാതു രചനകളുടെ സൃഷ്ടാക്കൾക്കോ എഡിറ്റർക്കോ അയക്കുമല്ലോ.

സ്നേഹപൂർവ്വം
**Editor's Desk** ൽ നിന്നും

അലക്സാണ്ടർ വിൽസൺ
uccalumniuae@gmail.com / wa@eim.ae

भारत का प्रधान कोंसल
दुबई

القنصل العام الهندي
دبي

**CONSUL GENERAL OF INDIA**
**DUBAI**

25th July, 2024

**Message**

I am delighted to know that the UAE chapter of Union Christian College, Aluva, Kerala, Alumni Association is publishing an in-house magazine, "Verukal" (Roots), during the festive season of Onam.

It is heartening to witness the dedication and commitment to nurturing a strong sense of community among the alumni in a foreign land.

I wish to extend my heartfelt appreciation for the remarkable efforts of the UAE chapter in supporting its members and contributing to the alma mater.

Happy Onam to all the alumni of Union Christian College, Aluva present in the UAE and around the world!

(Satish Sivan)

Post Box No. 737, Plot No. 314, Al Hamriya Diplomatic Enclave, Bur Dubai.
Tel: +9714 3971222/1333, Website: www.cgidubai.gov.in @cgidubai IndianConsulate.dubai

# സന്ദേശം



**ഡോ. മിനി ആലീസ്**
യൂ സി കോളേജ് പ്രിൻസിപ്പൽ

പ്രിയമുള്ളവരെ,

യൂ.സി. കോളേജിലെ ചാപ്പലിനും എൻ.ആർ. ബ്ലോക്കിനും മുമ്പിൽ നിൽക്കുന്ന ടബാബിയ മരത്തിന് തീക്ഷ്ണ ശീതകാലമുള്ള മറുനാട്ടിലെ വൃക്ഷങ്ങളോട് സാമ്യമുണ്ട്. നിറയെ പൂക്കുകയും പിന്നീട് ശിഖരങ്ങൾ മാത്രമായി നിലകൊള്ളുകയും ചെയ്യുന്ന ടബാബിയ, ചെറി മരങ്ങളുടെ ഓർമ്മയുണർത്തുന്ന വയലറ്റു പൂമരമാണ്. മാർച്ച് മാസത്തിൽ യൂസിയോട് അവസാന വർഷക്കാർ യാത്ര പറയുമ്പോൾ മുഴുവൻ പൂക്കളും കൊഴിച്ച് പൂമെത്ത തീർക്കുന്ന ടബാബിയക്ക് വിദ്യാർത്ഥികൾ **Farewell Tree** എന്നാണ് പേരിട്ടിരിക്കുന്നത്.

ഹൈബർനേഷൻ പ്രക്രിയയിൽ മരങ്ങൾ അതിശൈത്യത്തിൽ ഭൗതികാർത്ഥത്തിൽ ജീവനില്ലാത്തവയെ പോലെ നിൽക്കുന്നു. കടുത്ത വേനലിലും മരങ്ങൾ പൂർണ്ണമായും ഉണങ്ങിയ മട്ടിലെത്താറുണ്ട്. ശൈത്യത്തിൽ ചില്ലകൾ മുഴുവൻ ജീവനില്ലാത്ത മട്ടിൽ നിലകൊള്ളുമ്പോഴും വസന്തം വന്നു വിളിക്കുമ്പോൾ നിറയെ പൂക്കുന്നു. ഒറ്റ മഴപ്പെയ്ത്തിൽ, വേനലിൽ ഉണങ്ങിയെന്ന മട്ടിൽ നിൽക്കുന്ന ശിഖരങ്ങളിൽ നിന്നു തളിർപ്പുകൾ പൊങ്ങുന്നു. പ്രകൃതി നൽകുന്ന ജീവപാഠമാണിത്. ഭൗതികമായി എത്ര ആകാശങ്ങൾ കീഴടക്കിയാലും ആന്തരികമായി വേരുകളാഴ്ത്തുമ്പോൾ മാത്രമാണ് ആഴങ്ങളെ തൊടുവാൻ സാധിക്കുന്നത്. യു.സി. കോളേജെന്ന അൽമാമേറ്ററിൽ വേരുപടർത്തിയ ശിഖരങ്ങളാണ് ലോകമെങ്ങും വ്യാപിച്ചു കിടക്കുന്ന പൂർവവിദ്യാർത്ഥി സമൂഹം. ജീവിതത്തിന്റെ ഏതു മണ്ഡലത്തിൽ വ്യാപരിക്കുമ്പോഴും വിശ്വസ്തവും ഫലദായകവുമായ ജീവിതം നയിക്കുവാൻ പൂർവ്വവിദ്യാർത്ഥികൾക്ക് സാധിക്കണമെന്ന പ്രാർത്ഥന യൂസി.കോളേജിലെ പ്രാർത്ഥനാ പുസ്തകത്തിലുണ്ട് **(Make them faithful and fruitful in whatever sphere they are called to serve thee)** ആഴ്ചതോറും പൂർവവിദ്യാർത്ഥികൾക്കായി പ്രാർത്ഥന ചൊല്ലുന്ന അധ്യാപക സമൂഹമാണ് യു.സി. കോളേജിലുള്ളത്.

യു.സി കോളേജിന്റെ 103 വർഷത്തെ നീണ്ട ചങ്ങലയിലെ സുദൃഢമായ കണ്ണിയാണ് യു.എ.ഇ. ചാപ്റ്റർ. ശതാബ്ദി ആഘോഷ വേളയിൽ നിങ്ങൾ നൽകിയ വലിയ പിന്തുണയും സ്നേഹവും നിറഞ്ഞ ഹൃദയത്തോടെ തിരിച്ചറിയുന്നു. വേരുകളിലേയ്ക്ക് മടങ്ങുകയും പൂവുകളായി വിടരുകളും ഫലങ്ങളായി തലമുറകളിലേയ്ക്ക് പടരുകയും ചെയ്യുവാൻ യു.സി. കോളേജ് പൂർവിദ്യാർത്ഥി സംഘടനയുടെ യു.എ.ഇ ചാപ്റ്ററിനു സാധിക്കട്ടെ എന്നാശംസിക്കുന്നു. വേരുകൾ എന്ന വാക്കുകളെ അർത്ഥപൂർണ്ണമാക്കുന്ന ഈ മാഗസിൻ രൂപകല്പന ചെയ്തവർക്ക് ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ രേഖപ്പെടുത്തുന്നു.

സ്നേഹപൂർവം
**മിനി ആലീസ്**

# സന്ദേശം



**Shri. Ajith Kumar P.C**
General Secretary, Old Students Association,
U.C. College

പ്രിയപ്പെട്ടവരെ,

യൂ.സി കോളേജ് പൂർവ്വവിദ്യാർത്ഥി സമൂഹത്തിന്റെ യു.എ.ഇ ചാപ്റ്റർ നിങ്ങളുടെ പ്രവർത്തനങ്ങൾ ഉത്സാഹത്തോടെ തുടരുന്നതറിയുന്നതിൽ സന്തോഷം. 2013ൽ രൂപീകരിക്കപ്പെട്ട ഇന്നത്തെ കൂട്ടായ്മ യൂസിയൻമാരുടെ കൂടിച്ചേരലുകൾ ഇടക്കു നടത്തുന്നത് വളരെ നല്ല കാര്യം. സെന്റിനറി ആഘോഷങ്ങളിലെ സജീവമായ സഹകരണം മാതൃകലാലയവുമായുള്ള ബന്ധം ഏറെ ദൃഢമാക്കി.

ചാപ്റ്റർ അംഗങ്ങളുടെ സർഗ്ഗചേതനയുടെ ബഹിർസ്ഫുരണത്തെ രേഖപ്പെടുത്തുന്ന 'വേരുകൾ' എന്ന പ്രസിദ്ധീകരണത്തിന്റെ നാലാം ലക്കം ഈ ഓണക്കാലത്തു പ്രസിദ്ധീകരിക്കുന്നത് ഗംഭീരമാകട്ടെ.

അതോടൊപ്പം നിങ്ങൾ പ്ലാൻ ചെയ്യുന്ന ഈ വർഷത്തെ ഓണാഘോഷങ്ങൾ വൻ വിജയമാകട്ടെ എന്ന് ആശംസിക്കുന്നു.

ചാപ്റ്റർ അംഗങ്ങളെ സജീവമാക്കി മുന്നോട്ടു പോകുവാൻ നേതൃത്വം നൽകി വരുന്ന വിൽസനും രമേശും അവരുടെ ഉത്തരവാദിത്വങ്ങൾ ഭംഗിയായി നിർവ്വഹിച്ചു കാണുന്നതിൽ സന്തോഷിക്കുന്നു.

യു.എ.ഇയിലെ എല്ലാ യൂസിയൻസിനും അവരുടെ കുടുംബാംഗങ്ങൾക്കും തിരുവോണാശംസകൾ നേരുന്നു.

സ്നേഹപൂർവം
**അജിത്കുമാർ. പി. സി.**

## Gopal Pai

Chaiman, Pai Group of Companies, Dubai. U.A.E.

Gopalakrishan K.V., known as Gopal Pai, is a distinguished businessman and the Chairman of the Pai Group of Companies based in Dubai, U.A.E. Hailing from North Paravur, he studied English Literature at our college from 1972 to 1975. His pursuit of knowledge led him to obtain postgraduate degrees in both English and Management, equipping him with a solid foundation for a successful career in the office automation industry. From 1981 to 2005, Mr. Pai held pivotal roles with the Ricoh Group of Japan, serving as the Director for Asia Pacific countries while residing in the UK, Singapore, and the UAE. In 1993, he founded Rex Rotary in India, focusing on the sale of Ricoh copiers, which grew to encompass 1,700 staff and 17 branches.

He started Xpress Printing Solutions for selling Kyocera Mita Copiers in South India. Later Mr.Gopal Pai moved his business to UAE and in 2004 he started Altech Group in Dubai to market and distribute Sharp products to Africa. PAI Group is a wholly family-owned business. By grabbing every opportunity, the Group expanded across two continents with a consolidated turnover of more than $150 Million and over 500 employees. PAI Group is operational in the United Arab Emirates, GCC countries, Africa, India and Hong Kong with over 20 companies. Mr.Gopal Pai holds an MBA from Oxford Institute of Management Studies London.

Gopal Pai was one of the awardees in the Business & Entrepreneurship Category of the prestigious Centenary Awards 2024 of Union Christian College.






Mr.Gopal Pai receiving the award from college manager Dr. K.P.Ouseph, IFS, during OSA July Meet 2024.



Mr.Gopal Pai giving Cheif Guest's address in OSA July Meet on 13th July 2024. (From left) Geetha Pillai, UAE Alumni Chapter, Dr.Mini Alice, Principal, P.C.Ajithkumar, OSA General Secretary, Cyriac George, Kuwait Alumni Chapter & Salim Muhammad, Trivandrum Alumni Chapter



വേണു വി ദേശം

# കേദാർ*

സ്മൃതിവിസ്മൃതികൾ  തൻ സിരാപടലങ്ങളിലൂടെ
യനവസാനമാം പുരാവർഷകോടികൾ താണ്ടി
അർദ്ധസുപ്തമാമൊരു  സ്വപ്നം  പോലിഴഞ്ഞേറി-
യാത്മാന്തരാളത്തിൽ വന്നു ലയിപ്പൂ കേദാർ സൈ്വര്യം

അനവദ്യമാമേതോ വിധുരരഹസ്യമീ
മധുയാമിനിയുടെ നാഭിയിൽക്കിനിയുമ്പോൾ
ലോലലോലമാം ഛായാലോകങ്ങൾ വിരിക്കയാ-
ണീ നിശാരാഗത്തിന്റെയീറനാം ചിറകുകൾ.

മന്ദമാ,യലസമായവളതിരെഴാത്തതാ-
മെൻ ചിദാകാശത്തിൽ പടർന്നേറുവാനുഴറുമ്പോൾ
അതിസ്നിഗ്ദ്ധമാം പുഷ്പസൗരഭം വമിക്കയാ-
ണവൾതൻ നിഗൂഢമാമന്തരിന്ദ്രിയത്തിൽ സൗമ്യം.

നിസ്സഹായമാം കണ്ണീരാഴത്തിൽ നീന്തിക്കൊണ്ടീ
നിസ്തുലരാഗം നീലജ്വാലകൾ പൊഴിക്കയാം,
പ്രാക്തനമേതോ പ്രാർത്ഥനാലാപത്തിൻ മന്ദ്രധ്വനി
പ്രാണതന്ത്രികളിലിതാ പാകുന്നു ദിവ്യോന്മാദം.

അന്തിമ മൗനത്തിലേക്കവൾ വീണൊടുങ്ങുവാൻ
വെമ്പിനീറുകയാണെൻ വ്യാകുലഹ്രദങ്ങളിൽ
പ്രിയതേ, പവിത്രമാം നിൻപരിഭവങ്ങളിൽ
പനീർപ്പൂപ്പടർപ്പുകളിപ്പൊഴും ലാസ്യം ചെയ്വൂ.

*ഹിന്ദുസ്ഥാനി സംഗീതപദ്ധതിയിലെ ഒരു രാഗം



സുജേഷ് ശങ്കരൻകുട്ടി
sujesh51@gmail.com

# ബ്ലാക്കി



എന്റെ ഓർമയിൽ എന്റെ ജീവിതം ആരംഭിക്കുന്നത് ഒരു വാട്ടർ ടാങ്കിന്റെ അടിയിലുള്ള ഒരു ചെറിയ സ്പേസിൽ ആയിരുന്നു. അവിടെ കുറച്ചു പേപ്പറുകൾ കൊണ്ട് ഉണ്ടാക്കിയ കിടക്കയിൽ ആണ് ഞാനും അമ്മയും ഒരു സഹോദരനും അടങ്ങുന്ന ഒരു കൊച്ചു കുടുംബം ഉറങ്ങിയിരുന്നത്. അച്ഛനെ കണ്ട ഓർമ്മ എനിക്കില്ല. ഞങ്ങളെ വളർത്താനും ഒരു നേരത്തെ ഭക്ഷണത്തിനും വേണ്ടി അമ്മ ഏറെ കഷ്ടപ്പെട്ടു. അതിനിടയിൽ ആണ് എന്റെ വയറ്റിൽ ഒരു മുറിവുണ്ടായത്. നല്ല ഒരു ആശുപത്രിയിൽ പോയാൽ ഭേദമാക്കാൻ പറ്റുന്ന മുറിവ് ആയിരുന്നെങ്കിലും അതിനുള്ള സ്ഥിതി അമ്മയ്ക്കുണ്ടായിരുന്നില്ല. എന്റെ അകാല മരണം കാണാൻ പറ്റാത്തതിലാകാം അമ്മ ഏട്ടനേയും കൊണ്ട് എന്നെ ഉപേക്ഷിച്ചു പോയത്, അല്ലെങ്കിൽ അങ്ങിനെ വിശ്വസിക്കാൻ ആണ് എനിക്കിഷ്ടം. വിശപ്പിന്റെ വിളി സഹിക്കാനാവാത്ത നാളുകൾ. റോഡരുകിൽ നിന്ന് വെള്ളവും ആരേലും ഇട്ടിട്ടു പോയ ഭക്ഷണത്തിന്റെ അവശിഷ്ടങ്ങളും തിന്നു ജീവിതം തള്ളി നീക്കി. ഇനിയെത്ര നാൾ ഇങ്ങനെ എന്ന ചോദ്യം എന്നെ ഭയപ്പെടുത്തി. മരണത്തെ മുഖാമുഖം കണ്ട നാളുകൾ. അപ്പോളാണ് എന്റെ മുന്നിലേക്ക് രണ്ടു കുട്ടികൾ പ്രത്യക്ഷപ്പെട്ടത്. വിശന്ന് തളർന്നു കിടന്ന എന്റെ അടുത്ത് അവർ വന്നു. എനിക്ക് വെള്ളവും നല്ല ഭക്ഷണവും തന്നു. എനിക്ക് അവരോടു ഭയം ആയിരുന്നു. വിശപ്പിന്റെ മുന്നിൽ ആ ഭയം ഓടിയൊളിച്ചു. എന്നാലും വാട്ടർ ടാങ്കിന്റെ അടിയിൽ നിന്നും ഇറങ്ങാനുള്ള ധൈര്യം എനിക്കുണ്ടായിരുന്നില്ല.



അവർ ഭക്ഷണം കൊണ്ട് വരുമ്പോൾ ഞാൻ പുറത്തേക്ക് വരും. കഴിച്ചു കഴിഞ്ഞു എന്റെ താവളത്തിലേക്ക് പോകും. അങ്ങിനെ എനിക്ക് ജീവിതത്തിൽ ആദ്യമായി രണ്ടു കൂട്ടുകാരെ കിട്ടി. അവർ എന്നെ അവരുടെ വീട്ടിലേക്ക് ക്ഷണിച്ചെങ്കിലും എനിക്ക് പോകാൻ മടിയായിരുന്നു. നാളുകൾ കഴിഞ്ഞു. ഞങ്ങൾ നല്ല സുഹൃത്തുക്കൾ ആയി. ഭക്ഷണം കഴിഞ്ഞാൽ കുറച്ചു നേരം ഞങ്ങൾ കളിക്കും..എന്നിട്ടു അവരവരുടെ വീടുകളിലേക്ക് പോകും. പതിയെ പതിയെ ഞാൻ അവരുടെ വീടിന്റെ വാതിക്കൽ വരെ പോയി തുടങ്ങി. അവിടെ നിന്നും ഭക്ഷണം കഴിക്കും തിരിച്ചു എന്റെ വാസസ്ഥലത്തേക്കു പോകും.

ഒരു ദിവസം അവരുടെ നിർബന്ധത്തിന് വഴങ്ങി ഞാൻ ആ വീട്ടിൽ കയറി. കൊട്ടാരം പോലൊരു വീട്. മൂന്നു നാല് എ സി റൂമുകൾ, നല്ല കിടക്ക എനിക്ക് അവിടെ കിടക്കാൻ കൊതി വന്നു. പക്ഷെ അപ്പോൾ എന്റെ മനസ്സിൽ ആ കുട്ടികളുടെ അച്ഛന്റെയും അമ്മയുടെയും മുഖം ഓർമ്മ വന്നു. അമ്മ എന്നോട് വിശേഷങ്ങൾ ചോദിക്കാറുണ്ടെങ്കിലും അച്ഛൻ എന്നെ മൈൻഡ് ചെയ്യാറെ ഇല്ല. പതിയെ പതിയെ ഞാൻ ആ വീട്ടിൽ സ്ഥിരം ആയി പോയി തുടങ്ങി. കുട്ടികൾക്കു എന്നോടുള്ള സ്നേഹം അവരുടെ അമ്മക്കും എന്നോട് തോന്നി തുടങ്ങി. അപ്പോളേക്കും എന്റെ വയറിലെ മുറിവ് ഗുരുതരമായി. അവരെ ബുദ്ധിമുട്ടിക്കണ്ട എന്ന് കരുതി ഞാൻ ആരോടും ഒന്നും പറഞ്ഞില്ല. എന്നാൽ എന്റെ വിഷമം കണ്ട ആ കുട്ടികൾ എന്നെ നിർബന്ധിച്ചു ആശുപത്രിയിൽ കൊണ്ട് പോയി. എന്റെ ആദ്യ കാർ യാത്ര.

'എന്താണ് രോഗിയുടെ പേര്? 'ഡോക്ടർ ചോദിച്ചു. അപ്പോളാണ് എനിക്ക് ഒരു പേരില്ല എന്ന സത്യം എനിക്ക് മനസ്സിലായത്. ഞാൻ ഒന്നും മിണ്ടാതെ കിടന്നു. അപ്പോളും ആ കുട്ടികൾ രക്ഷക്കെത്തി. 'യാക്കൂ. അതാണ് അവന്റെ പേര്.' അവർ പറഞ്ഞു. നല്ല പേര്. എനിക്ക് ഇഷ്ടമായി. അങ്ങിനെ എനിക്കൊരു പേരും ആയി.

പരിശോധനക്ക് ശേഷം ഡോക്ടർ പറഞ്ഞു. ഇവന് ഹെർണിയ ആണ്. ഉടനെ ഓപ്പറേഷൻ ചെയ്യണം. എന്നാലേ രക്ഷപ്പെടൂ. സ്ഥിതി കുറച്ചു ഗൗരവം ആണ്.

എല്ലാവരും എന്റെ മുഖത്തും അവരുടെ അച്ഛന്റെ മുഖത്തും മാറി മാറി നോക്കി. അവസാനം എന്റെ വേദന കണ്ടിട്ടോ അതോ കുട്ടികളുടെ വാശി കാരണമോ എന്തായാലും ഓപ്പറേഷന് അച്ഛനും സമ്മതിച്ചു. അങ്ങിനെ എന്റെ ഓപ്പറേഷൻ കഴിഞ്ഞു ഡിസ്ചാർജ് ചെയ്തു. എന്റെ വീട്ടിലേക്ക് പോകാൻ പോയപ്പോൾ അവര് സമ്മതിച്ചില്ല. അസുഖം ഭേദം ആകുന്ന വരെ അവരുടെ വീട്ടിൽ നിൽക്കാൻ എന്നെ നിർബന്ധിച്ചു. അങ്ങിനെ ഞാൻ അവരുടെ വീട്ടിലെ ഒരു അന്തേവാസി ആയി.

ഇന്നിപ്പോ ഞാൻ അത്യവശ്യം കുറുമ്പനും വാശിക്കാരനും ഒക്കെ ആണ്. എല്ലാവർക്കും എന്നെ വലിയ കാര്യമാണ്. കാലത്തേ ഞാൻ ഉണർന്നാൽ അമ്മയോടൊപ്പം ഞാൻ അടുക്കളയിൽ കയറും. അമ്മക്ക് ഒരു കമ്പനി ആയി എന്തേലും ചെയ്തു കൊണ്ടിരിക്കും. പിള്ളേര് എഴുന്നേറ്റാൽ അവരുടെ കൂടെ. നല്ല ഭക്ഷണം ഒക്കെ കഴിച്ചു ഞാൻ നന്നായി തടിച്ചു. ഇടക്ക് ഓട്ടവും ചാട്ടവും ഒക്കെ ഉള്ളത് കൊണ്ട് തടി മെയ്ന്റൻ ചെയ്തു പോകുന്നു. പക്ഷെ ഉറക്കം എന്റെ ഒരു വീക്നെസ് ആണ്. അത് പോലെ ചെറിയ ചാളയും. അടുക്കളയിൽ മീൻ എടുത്താൽ അപ്പൊ ഞാൻ അലമ്പുണ്ടാക്കും. എനിക്ക് തരാതെ കറി വക്കാൻ ഞാൻ സമ്മതിക്കത്തില്ല. അങ്ങിനെ ഞാൻ അവരുടെ കൂടെ ഒരു രാജാവായി ജീവിക്കുന്നു.

അപ്പൊ ശെരി.. ഇനി ഞാനുറങ്ങട്ടെ.



Amina Sageer C/p
Class 9
jubairiyasageer@gmail.com







പ്രൊഫ.ഡോ.മ്യൂസ് മേരി ജോർജ്
musemary@gmail.com

# യൂസി
## എന്ന പാരിസ്ഥിതിക ഇടം

ലോകപരിസ്ഥിതി ദിനത്തിൽ ഏതു മഴക്കാടിനെക്കാളും ഞാനിഷ്ടപ്പെടുന്നത് ജൈവ വൈവിധ്യത്തിന്റെ ഈ പച്ചിലക്കൂടിനെയാണ്. യൂ സി എന്ന പാരിസ്ഥിതിക ഇടം. പക്ഷികൾ, മൃഗങ്ങൾ, പുഴുക്കൾ, പുല്ലുകൾ, പൂവുകൾ മനുഷ്യർ, മരങ്ങൾ...... അങ്ങനെ പലയിനം ജീവനുകൾ ഇവിടെ പുലരുന്നു. ഹൃദയം നിറയ്ക്കുന്ന പ്രകൃതിചിത്രങ്ങൾ ഈയിടം നമുക്കു നൽകുന്നു.

ഒരിക്കൽ നീണ്ട മഴ ദിവസങ്ങൾക്കു ശേഷം കോളേജിൽ നിന്നു വീട്ടിലേക്കു ഞാൻ പോകുമ്പോൾ കണ്ട ഒരു ദൃശ്യം മനസ്സ് മുടിക്കെട്ടുമ്പോൾ ഓർമ്മയുടെ മൂടി തുറന്ന് സമാധാനപ്പെടും. ഇന്ന് പ്ലാറ്റിനം ജൂബിലി ഓഡിറ്റോറിയം നിൽക്കുന്ന ഇടത്ത് ടാഗോർ ഹോസ്റ്റൽ നിന്നിരുന്നതിന്റെ ശേഷിപ്പൊന്നും പ്രത്യക്ഷത്തിൽ ഇല്ലെങ്കിലും ആ നിശബ്ദതയിൽ അതിന്റെ ഓർമ്മകൾ മണ്ണിൽ ഉറങ്ങുന്നുണ്ടായിരുന്നു അവിടെ നിറയെ കോഴിവാലൻ ചെടികൾ പൂത്തു നിൽക്കുന്നു. നിറയെ പലതരം പൂമ്പാറ്റകൾ... മഴദിനങ്ങൾക്ക് ശേഷമുള്ള വെയിൽ. ഒരു ചൂള മരത്തിന്റെ ചില്ലയിൽ ഇരുന്ന് അഞ്ചു കുരുവികൾ ആകാശത്തിലേക്കുറ്റു നോക്കി പാടുന്നു. മോന്റെ അടുത്ത് വേഗത്തിൽ എത്താൻ റോഡിലൂടെ പോകാതെ കുറുക്കു വഴി തേടി പോയതാണെങ്കിലും ആ കാഴ്ചക്കു മുൻപിൽ ഒരിളം കാറ്റിനു പോലും പറത്തിക്കൊണ്ട് പോകാവുന്ന മനസ്സോടെ ആ വിജനതയിൽ ഞാൻ നിന്നു. പ്രകൃതി ഒരുക്കിയ ആ പ്രസാദം കൊണ്ടു മനസ്സിൽ കുറി വരക്കാതെ ഞാനെങ്ങനെ പോകും.

മനുഷ്യ സംസ്കാരത്തിൽ പാമ്പുകളോളം പഴയ മിത്തിക്കൽ ജീവികൾ ഇല്ല. യൂസിയിലും പാമ്പുകൾ പുരാവൃത്തം പോലെ ഞാൻ വായിച്ചു മടക്കാറുണ്ട്. അവയുടെ വലിപ്പവും ഊറ്റവും ധാരാളിത്തവും പറയാതെ വയ്യ. ഒരിക്കൽ ഉച്ചയൂണ് കഴിഞ്ഞു ഹോളണ്ട് ക്വാർട്ടേഴ്സിൽ നിന്നു വരുമ്പോൾ മിത്രപുരത്തിനും ബിബിസിക്കും ഇടയിൽ മലമുരിങ്ങ നിൽക്കുന്ന ഇടത്ത് ഒരു മൂർഖൻ പത്തി വിരിച്ചു നിൽക്കുന്നു. അന്നവിടെ മലമുരിങ്ങ ഇല്ല. ഒരു ചെറിയ അക്കേഷ്യയും ചൂള മരവും ആണുള്ളത്.ഞാനാണെങ്കിൽ തല കുനിച്ച് എന്തോ ചിന്തിച്ചു വരികയാണ്. ഏതോ വെളിപാട് വന്നുണർത്തിയപോലെ തല ഉയർത്തി നോക്കുമ്പോൾ കണ്മുന്നിൽ ഇതാ നാഗത്താൻ ഒത്ത ഭാവത്തിൽ. പേടിച്ചു ഞാൻ നിന്നു പോയി. അതും തന്റെ പത്തി വിരിച്ചു നിൽക്കുന്നതിന്റെ സ്വകാര്യ സന്തോഷത്തിൽ നിന്നു. കുറച്ചു കഴിഞ്ഞപ്പോൾ അദ്ദേഹം ആത്മഹർഷം നിറഞ്ഞ് പത്തി താഴ്ത്തി ഇഴഞ്ഞു പോയി. പത്തി വിരിച്ചു നിൽക്കുന്ന പാമ്പിനെ എന്റെ ജീവിതത്തിൽ ആദ്യമായി കാണുകയാണ്. പിന്നീടൊരിക്കൽ ഹോളണ്ട് ക്വാർട്ടേഴ്സിലെ അടുക്കള വാതിൽ തുറന്ന് പാപ്പിയമ്മ മുറ്റത്തേക്ക് ഇറങ്ങുമ്പോൾ നടയിൽ

ഒരുത്തൻ പത്തിയും വിരിച്ചു നിൽക്കുന്നു. ഒരിക്കൽ ഇളയ മോനെ പ്രസവിച്ചു ലീവ് കഴിഞ്ഞു വന്നതിന്റെ പിറ്റേന്ന് രാത്രി കുഞ്ഞിനെ ഹാളിൽ പായയും ഷീറ്റും വിരിച്ചു കിടത്തിയിട്ട് ഞാൻ എന്റെ മരുന്നുകൾ കഴിക്കാൻ മുറിയിലേക്ക് പോയി. മൂത്ത പുത്രൻ അവന്റെ അടുത്തുണ്ട്. അല്പം കഴിഞ്ഞപ്പോൾ അവൻ പാമ്പ് പാമ്പ് എന്നുറക്കെ വിളിച്ചു പറഞ്ഞു. പകൽ ഇതേ പ്രകടനം നടത്തി അവൻ എന്നെ കബളിപ്പിച്ചതിനാൽ ഞാൻ പ്രതികരിച്ചില്ല. പിന്നെ കരച്ചിൽ പോലെ പറയാൻ തുടങ്ങിയതും ഞാനോടി എത്തി. ഒരു പുല്ലാന്നി മുർഖൻ പായുടെ അടുത്തു നിന്ന് തിരികെ ഇഴയുന്നു. കുഞ്ഞുങ്ങളെ രണ്ടിനെയും വാരിയെടുത്ത് ഊണ് മേശയുടെ മുകളിൽ കയറിയത് എങ്ങനെ എന്ന് എനിക്കറിയില്ല. പാമ്പ് അതു വന്ന വാതിൽ വിടവിലൂടെ ശാന്തമായ സന്തോഷത്തോടെ തിരികെപ്പോയി. യൂസി ക്യാമ്പസിൽ എത്തിയ പുതിയ പ്രജയെ കണ്ട് ആശീർവാദം നൽകിയ തൃപ്തി ആവണം ആ തിരിച്ചു പോക്കിൽ ഉണ്ടായിരുന്നത്. സ്കിന്നർ ക്വാർട്ടേഴ്സിൽ താമസിക്കുമ്പോൾ വലിയ ചേരപ്പാമ്പ് ആ വഴിയിൽ വെയില് കാഞ്ഞു കിടക്കുന്നതു കാണാം.അയാൾ ചിലപ്പോൾ മഴമരത്തിൽ ചുറ്റിക്കിടന്നു കിളി മുട്ടകൾ വിഴുങ്ങുന്നതും കാണാം. പാവം മാടത്തകൾ എണ്ണിപ്പെറുക്കി കരയുന്നത് കേൾക്കാം. കുഴിയണലി ഉറങ്ങിക്കിടക്കുന്നത് ശ്രദ്ധിച്ചു നോക്കിയാൽ വീടിന്റെ ഭിത്തിയുടെ അടുത്ത് പലപ്പോഴും കാണാം.ഒരിക്കൽ സെക്കന്റ് ഷോ കഴിഞ്ഞു വീട്ടിലേക്കു വന്നു കയറുമ്പോൾ ഒരു കിടിലൻ വള കഴപ്പൻ ചെറിയ മഴച്ചാറ്റലും കൊണ്ടു വാതിൽപ്പടിയിൽ കാത്തിരിക്കുന്നു. ഈസ്റ്റ് ഹോസ്റ്റലിൽ താമസിക്കുമ്പോൾ ഒരു മരത്തടിയുടെ വലുപ്പം ഉള്ള അണലിയെ ശില്പ മെർലിൻ ഒറ്റയടിക്ക് കൊന്നു. രാത്രിയിൽ ഹോസ്റ്റലിനടുത്തു വന്നു പരുങ്ങി നിന്നാൽ എന്തു ചെയ്യും പിന്നെ. പച്ചിലപ്പാമ്പ് കഴുത്തു വെട്ടിച്ചു നിൽക്കുന്നത് കണ്ടതും യൂ സി ക്യാമ്പസിൽ വച്ചാണ്. ചതുപ്പുള്ള ഇടങ്ങളിൽ എണ്ണപ്പാമ്പ് അതിന്റെ ചട്ടിത്തലയുമായി മന്ദം മന്ദം സഞ്ചരിക്കും. ഇതിനെക്കണ്ടാൽ തീ വച്ചു കൊന്നില്ലെങ്കിൽ കുട്ടികളുടെ ആഹാരത്തിൽ എങ്ങാനും കേറുമോ എന്ന പേടിയാണ് എന്നും എനിക്ക്. മണ്ണിരകൾ ഇഴഞ്ഞും വലിഞ്ഞും തിന്നും തുപ്പിയും ജീവിക്കുന്നു. മഴയിൽ നനഞ്ഞ് പുളഞ്ഞ് ഇരു തല മൂരികൾ. പാമ്പുകളുടെ ഈ വിഹാര ഭൂമിയിൽ കീരികളുടെ ജാഥ മിക്കവാറും ദിവസങ്ങളിൽ കാണാം. കുടുംബസമേതം അങ്ങനെ വരിവരിയായി അവർ റൂട്ട് മാർച്ച് നടത്തുമ്പോൾ പാമ്പുകൾ വഴി മാറിക്കൊടുക്കും.

ഒരിക്കൽ സ്കിന്നർ വീട്ടിൽ വച്ചു പുലർച്ചെ നാലു മണിക്ക് ഒരു യാത്ര പോകാൻ വാതിൽ തുറന്നപ്പോൾ വീടിന്റെ മുന്നിൽ ഒരു കാട്ടു മുയൽ ലൈറ്റ് കണ്ടതും അയാൾ ഒറ്റച്ചാട്ടം കാണാമറയത്തെത്തി. മരപ്പട്ടിയോടൊപ്പം ആണ് ആ വീട്ടിൽ വസിച്ചത്. ചില ദിവസങ്ങളിൽ അയാൾ തമാശയെടുക്കും. കട്ടിലിന്റെ തൊട്ടു താഴേക്ക് മൂത്രം ഒഴിക്കും. ഭാഗ്യം കൊണ്ടു തലയിൽ വീണിട്ടില്ല. മരപ്പട്ടി മൂത്രത്തിന്റെ മുശുക്ക് മാറ്റാൻ എത്ര ലോഷനിൽ തുടക്കണമായിരുന്നു. പന്നിയെലികൾക്ക് രാത്രിയായാൽ പിന്നെ ഒരു വിശ്രമവും ഇല്ല. സഞ്ചാരമാണ് എപ്പോഴും. കള്ളന്മാരാണ് എന്നു തോന്നിപ്പിച്ച് അവർ സന്തോഷിക്കും. ഒരിക്കൽ സ്കിന്നർ വീട്ടിൽ താമസിക്കുമ്പോൾ പുറത്തു നിന്ന് മുക്കലും മൂളലുമൊക്കെ കേൾക്കാം. കുറച്ചു നേരം ഇതു കേട്ട് ഞാൻ അനങ്ങാതെ കിടന്നു. ആരെങ്കിലും അപകടത്തിൽ ആയതാണോ ആകെയൊരു ബേജാർ. പാപ്പിയമ്മയെ വിളിച്ചുണർത്തി. പതുക്കെ ജനൽ തുറന്ന് ടോർച്ച് നീട്ടിയടിച്ചു നോക്കുമ്പോൾ ഒരു തള്ളയെലി കുഞ്ഞുങ്ങൾക്ക് മുല കൊടുക്കുന്നു. നിറഞ്ഞ ആനന്ദത്തോടെ കുഞ്ഞുങ്ങൾ കുടിച്ചു രസിക്കുന്നു. പന്നിയെലിക്കുഞ്ഞുങ്ങളുടെ ആനന്ദലഹരിയിലെ ഹർഷം തുളുമ്പുന്ന ശബ്ദങ്ങളാണ് എന്നെ ഭയപ്പെടുത്തിയത് .

പുഴുക്കളും പൂമ്പാറ്റകളും യുസിയിൽ എവിടെയും ഉണ്ട്.പൂമ്പാറ്റ മരങ്ങൾ തന്നെ യൂസിയിൽ ഉണ്ട്. മരങ്ങളിൽ നിന്ന് ഊഞ്ഞാല് കെട്ടി ഇറങ്ങി വരുന്ന പുഴുക്കൾ ചിലപ്പോൾ നമ്മുടെ മുഖത്തു രഹസ്യ ചുംബനം നൽകും. ഈ ചുംബനത്തിൽ ഞെട്ടാത്തവർ ഉണ്ടാവില്ല. ചില സീസൺ ചൊറിയൻ പുഴുക്കളുടേതാണ്. ഒരിക്കൽ ഈസ്റ്റ് ഹോസ്റ്റൽ ക്വാർട്ടർസിലെ അടുക്കള വാതിൽ തുറക്കുമ്പോൾ ഭിത്തിയിലും മുറ്റത്തുമായി ആയിരക്കണക്കിന് പുഴുക്കൾ. ഒരു രാത്രി കൊണ്ട് അവർ എന്റെ വീടിനെ ആക്രമിച്ച് അകത്തേക്ക് ഇരച്ചു കയറുകയാണ്. ഒരസംബന്ധ ചിത്രം കാണുന്ന പോലെ പേടിയും കൗതുകവും കൊണ്ടു നിന്നുപോയി. വീടിനു ചുറ്റും കുറെ തേക്ക് നട്ടിട്ടുണ്ട്. അതിലെ ഇലകൾ തിന്നു മദിച്ചാണ് ഈ വരവ്. അന്നാണെങ്കിൽ കലേഷിന്റെ പുസ്തക പ്രകാശനത്തിന് പോവുകയും വേണം. ആ പുഴുക്കൾ എന്റെ വീടിനകത്തേക്ക് വന്നെന്നെ അരിച്ചു തിന്നു തീർക്കാൻ അധികം സമയം വേണ്ട എന്നെനിക്ക് തോന്നി. ഉണ്ടായിരുന്ന മണ്ണെണ്ണയൊക്കെ വീശിയിട്ടും ങേഹെ അവർക്കൊരു കൂസലും ഇല്ല. ഒരു മരം വെട്ടുകാരനെ വരുത്തി മരത്തിന്റെ ചില്ലകൾ വെട്ടിയിട്ട് അവരുടെ കിടപ്പാടം തകർത്തു തീയിട്ടപ്പോൾ ആണ് അവരൊന്നൊതുങ്ങിയത്.പച്ച നിറത്തിൽ പല വലുപ്പത്തിലുള്ള പുഴുക്കൾ, സിൽക്ക് പോലെ തോന്നിക്കുന്നവ, മഞ്ഞ നിറത്തിലുള്ളവ, കറുത്തവ, ചൊറിച്ചിൽ ഉണ്ടാക്കുന്നവർ.... അങ്ങനെ അങ്ങനെ പുഴുക്കളുടെ ലോകം. ഉറുമ്പുകളുടെ കോളനി കണ്ടതും ആ വീട്ടിൽ താമസിക്കുമ്പോഴാണ്. ഭൂമിക്കടിയിൽ അവർ തീർത്ത നഗരം കണ്ടു ഞാൻ വണങ്ങി. തീയുറുമ്പുകളുടെ നഗരം ഒരൊന്നൊന്നര നഗരമാണ്. ഈയലുകൾ പുതുമഴയിൽ മൺ ചുവരുകൾ ഭേദിച്ചു പറന്നുയർന്ന് ആനന്ദ നടനം ആടുന്നതും നോക്കി സ്കിന്നർ ക്വാർട്ടേഴ്സിന്റെ വരാന്തയിൽ മഴചാറ്റൽ കൊണ്ടിരുന്ന

സന്ധ്യ എങ്ങനെ മറക്കും?

പക്ഷികൾ എത്രയാണിവിടെ. മാടത്തകളുടെ പ്രേമവും പൊറുതിയും കണ്ട് സമയം പോകുന്നതറിയാതെ ഇരുന്നു പോകും. പ്രാവുകൾ കുറുകുന്ന നട്ടുച്ചയിൽ ചാപ്പലിൽ പാറി വീഴുന്ന വെളിച്ചം നോക്കി ഇരുന്നാലോ സ്വർഗം നിർവചിച്ചു രസിക്കാം. ഷിനു സത്യന്റെ കവിതകളിൽ ഈ ചാപ്പൽ നട്ടുച്ചകൾ വായിച്ചിട്ടുണ്ട്. അവൻ ഒരു പ്രാർഥനയായി ഇന്നും എന്റെ കൂടെയുണ്ട്. ഒട്ടേച്ചി എന്ന പക്ഷിയെ ഞാനാദ്യമായി കാണുന്നത് ഫുട്ബോൾ കോർട്ടിലും ക്രിക്കറ്റ് കോർട്ടിലും വച്ചാണ്. ഈർക്കിൽ പോലുള്ള കാലുകളുമായി അവർ വേഗത്തിൽ അങ്ങോട്ടുമിങ്ങോട്ടും ഓടിക്കൊണ്ടിരിക്കും. ഇപ്പോൾ ഇവരുടെ എണ്ണം തീരെയില്ല. ക്യാമ്പസിൽ പട്ടികളുടെ എണ്ണം കൂടിയപ്പോൾ ഇവരുടെ മുട്ടയും ഇറച്ചിയും അവർ സാപ്പിടുന്നുണ്ടാവും. പാവം അവരില്ലാത്ത സി സി ഒരു സങ്കടം ആണ്. സ്കിന്നറിൽ താമസിക്കുമ്പോൾ രാത്രിയിൽ ഈ പക്ഷിയുടെ ഒരു പ്രത്യേക ശബ്ദത്തിൽഉള്ള കരച്ചിൽ കേൾക്കാം. മാതൃ സ്നേഹത്തിന്റെ വലിയൊരനുഭവമാണ് ഈ കിളി നൽകുന്നത്. തന്റെ മുട്ടകൾ രക്ഷിക്കാൻ അവർ നടത്തുന്ന പെടാപ്പാട് ആണ് ഈ നിലവിളി. മണി കിലുങ്ങുന്ന പോലെ കരയുന്ന ഒരു പക്ഷി രാത്രിയിൽ പറക്കാറുണ്ട്. ഈസ്റ്റ് ഹോസ്റ്റലിൽ താമസിക്കുമ്പോൾ ഒരു മഞ്ഞച്ചിറക്കുള്ള പക്ഷി ജനാലയിൽ വന്ന് എല്ലാ പുലരിയിലും സ്നേഹശാസനകളോടെ വിളിച്ചെഴുന്നേൽപ്പിക്കുമായിരുന്നു. വാല് കുലുക്കിപ്പക്ഷി മലയാളം ഡിപ്പാർട്മെന്റിന്റെ തൂണിന്റെ ഇടയിൽ കൂടു വച്ച കാര്യം സിമിതയാണ് പറഞ്ഞത്. പുള്ളിക്കുയിലിനെ ആദ്യമായി കണ്ടതും ഇവിടെ വച്ചാണ്. കരീലപ്പിടകൾ ചിലച്ചു ചിലച്ചു വശം കെടുന്നത് നോക്കിയിരിക്കാം ഓലെഞ്ഞാലികൾ വഴക്കു പിടിക്കുന്നത് പലപ്പോഴും ദുശ്ശകുനം ആയിരുന്നു. എന്നാൽ ഉപ്പൻ പക്ഷി ശാന്തനായി ചുറ്റിത്തിരിയുന്നത് കാണാം.

മരങ്ങൾ, പക്ഷികൾ പൂക്കൾ ഇലകൾ പൂമ്പാറ്റകൾതുടങ്ങിയവക്കൊപ്പം നിലാവും മഴയും വെയിലും ഇല കൊഴിയും കാലവുമൊക്കെ ചേർന്നു സൃഷ്ടിക്കുന്ന ലോകം കൂടിയാണ് യൂ സി യുടെ പരിസ്ഥിതി. പൊതുവെ മഴക്കാലം തൂങ്ങിപ്പിടിച്ചു നിൽക്കുന്ന മഴമരങ്ങളും പൂവാകപ്പൂക്കൾ നനഞ്ഞു ചിതറിക്കിടക്കുന്ന വഴികളും ഒക്കെക്കൊണ്ട് വിഷാദത്തിന്റെ മഷി കോരി ഒഴിക്കുമെങ്കിലും സ്കിന്നറിലേക്കുള്ള വഴിയിൽ ചാഞ്ഞു വീഴുന്ന മഴ നോക്കി സി സി യിൽ ഇരുന്നാൽ പിന്നെ മഴ തന്നെ കുടയായി മാറും. സി സി യിലെ നിലാവ് കാണാതെ കുട്ടികൾ കോളേജ് കഴിഞ്ഞു പോകരുത്. മകര മാസത്തിലെ പൂനിലാവിൽ നിശബ്ദരായി സി സി യിൽ ഇരിക്കുക. പിന്നീട് പതുക്കെ ആ ക്രിക്കറ്റ് കോർട്ടിലൂടെ നടക്കുക. നിലാവിൽ നമ്മുടെ മന്ദഹാസം സി സി യിൽ ഉപക്ഷിക്കുക. പക്ഷെ മനസ്സിൽ ആ നിലാവ് പെയ്തു കൊണ്ടേയിരിക്കും. ചില വർഷങ്ങളിൽ ഈസ്റ്റ് ഹോസ്റ്റലിലെ എന്റെ കുഞ്ഞുങ്ങളെ നിലാവ് കാണിക്കാൻ അറിയാൻ ഒക്കെ കൊണ്ടുവരുമായിരുന്നു.

ഏതായാലും മരങ്ങൾക്കും പൂക്കൾക്കും ഒപ്പം ജന്തു ജാലങ്ങളുടെ വിഹാര ഭൂമി കൂടിയാണ് യൂസി എന്ന ഇക്കോ സോൺ.





രമേഷ് പുത്തലത്ത്
rameshputhalathu@gmail.com

# ഭ്രാന്തി

ജീവിതമെന്ന
ഒറ്റമുറിയെ
പ്രണയിച്ചു തുടങ്ങിയപ്പോഴാണ്
അവൾ
ചുമരുകളോട്
സംസാരിച്ചു തുടങ്ങിയത്...
അവളുടെ
കഥയില്ലാ കഥകളും
കാരണമില്ലാ കണ്ണീരുകളും
ഒപ്പിയെടുക്കാൻ
അവൾക്ക്
അവൾതന്നെ കൂട്ടായത്...
ജീവിതത്തിന്റെ
ഏറ്റവും മനോഹരമായ
ആ നിമിഷങ്ങളെ
തന്നിൽത്തന്നെ
കണ്ടെത്തിയപ്പോഴാണ്
അവൾ
അവർക്കു മുന്നിൽ
ഒരു ഭ്രാന്തിയായി മാറിയത്...



# ക്ലാര

വീണ്ടും വീണ്ടും..
ക്ലാര മനസ്സിലേക്ക് വരുമ്പോൾ
ചുറ്റും മഴ പെയ്യും..
ഒരിക്കലും തോരാത്ത
പ്രണയത്തിന്റെ തണുത്ത മഴ..

ഓരോ മഴയിലും
ചെറുകാറ്റിൽ ഉലഞ്ഞ്
കൊഴിഞ്ഞ നിന്റെ ഓർമ്മകൾ
ഓളങ്ങൾക്കൊപ്പം
ഒഴുകിപ്പോകുമ്പോൾ
ദാഹം തീരാത്ത
പ്രണയവും തേടി
എവിടെയെന്നില്ലാതേയലഞ്ഞ
ഭ്രാന്തനെപ്പോലെ
ഞാൻ വീർപ്പുമുട്ടാറുണ്ട്..

സ്വപ്നങ്ങളിൽ
തേടി തേടി നടന്ന്
അവസാനം
എന്റേതാക്കിയ നിന്നെ
എന്നിൽ കണ്ടെത്താൻ..

എഴുതിത്തീരാത്ത
പ്രേമലേഖനങ്ങളും
പാടിത്തീരാത്ത
പ്രണയശീലുകളും
നിനക്ക് സമ്മാനിക്കാൻ..

നിഗൂഢമായ്
ഹൃദയത്തിൽ സൂക്ഷിച്ച
പ്രണയം നൽകാൻ
നീണ്ടു നിൽക്കുന്നൊരു
കാത്തിരിപ്പ്..

അപ്പോഴും
ചുറ്റും നനുനനുത്ത
മഴ പെയ്തുകൊണ്ടിരുന്നു..
ഒരിക്കലും തോരാത്ത
പ്രണയത്തിന്റെ തണുത്ത മഴ!



ടി.ഡി.രാമകൃഷ്ണൻ
ramakrishnantd@yahoo.com

# ഇര



"അധികാരമാണ് ഏറ്റവും ക്രൂരമായ പാപം. ആ പാപത്തിൽ നി ന്നുള്ള മോചനമാണ് എല്ലാ പ്രശ്നങ്ങളുടേയും പരിഹാരം. കുടുംബം, സമൂഹം, രാഷ്ട്രം.. എന്നിങ്ങനെ എല്ലായിടങ്ങളേയും അധികാരത്തിൽ നിന്ന് മോചിപ്പിക്കുകയായിരിക്കണം നമ്മുടെ ലക്ഷ്യം.

പ്രിയപ്പെട്ട വിശ്വാസികളെ, അധികാരം മനുഷ്യനെ ഒരു പ്രത്യേക ലഹരിയിലേക്കാണ് നയിക്കുന്നത്. ക്രമേണ അവൻ ആ ലഹരിക്ക് അടിമ

യാകുന്നു. അധികാരം നേടാനും നിലനിർത്താനും വേണ്ടി എന്തും ചെയ്യാൻ തയ്യാറാകുന്നു. അധികാരമുള്ളവരെ സംബന്ധിച്ചിടത്തോളം അവർ ചെയ്യുന്നതെല്ലാം ശരിയാണ്. അധികാരമില്ലാത്തവർ ചെയ്യുന്നതെല്ലാം തെറ്റും. അധികാരമില്ലാത്തവരെ സംബന്ധിച്ചാണെങ്കിൽ ഇതിന്റെ നേരേ വിപരീതമാണ് ശരി. രണ്ട് തരത്തിലുള്ള മനുഷ്യരേ ഭൂമിയിലുള്ളൂ. അധികാരമുള്ളവരും അധികാരമില്ലാത്തവരും. കർത്താവായ യേശുദേവൻ അധികാരമില്ലാത്തവരുടെ കൂടെയാണ് നിന്നത്. അതുകൊണ്ട് തന്നെ നമ്മളും അവരോടൊപ്പം നിൽക്കാൻ ബാധ്യസ്ഥരാണ്.

പ്രിയപ്പെട്ട വിശ്വാസികളെ, അധികാരം അടിസ്ഥാനപരമായി ഹിംസയാണ്. മറ്റുള്ളവരുടെ സ്വാതന്ത്ര്യത്തിലേക്കുള്ള കടന്നുകയറ്റമാണത്. അധികാരമുള്ളവർ താൻ നടപ്പാക്കുന്ന ഹിംസയിൽ ആനന്ദം കണ്ടെത്തുകയാണ്. പതുക്കെ പതുക്കെയത് അമിതാധികാരമെന്ന ഉന്മാദമായി മാറും. ചരിത്രത്തിൽ അത്തരം ഉന്മാദങ്ങളുടെ നിരവധി ക്രൂരമായ ഉദാഹരണങ്ങൾ കാണാം. നിർഭാഗ്യവശാൽ നമ്മുടെ രാജ്യത്തേയും കുറച്ചുകാലമായി അമിതാധികാരമെന്ന മഹാമാരി പിടികൂടിയിരിക്കുന്നു. അതിവേഗത്തിലത് പടർന്നു പിടിക്കുകയാണ്. കർത്താവിലുള്ള അചഞ്ചലമായ വിശ്വാസമാണ് അതിനെ പ്രതിരോധിക്കാനുള്ള ഒരേയൊരു മാർഗ്ഗം. എല്ലാവിധ അധികാരങ്ങളിൽ നിന്നുമുള്ള മനുഷ്യരുടെ മോചനത്തിന് വേണ്ടിയാണ് ദൈവപുത്രൻ കുരിശിലേറിയത്. നമ്മളും ജനങ്ങളെ ആ വഴിയിലേക്ക് നയിക്കണം.''

പടിഞ്ഞാറൻ ഒഡീഷയിലെ മലമ്പ്രദേശത്ത് അരനൂറ്റാണ്ട് മുമ്പ് സ്ഥാപിച്ചൊരു കൊച്ചുപള്ളിയിൽ അന്നത്തെ ഞായറാഴ്ച പ്രസംഗം തുടങ്ങിയത് അങ്ങിനെയായിരുന്നു. അത് കേൾക്കാൻ, അവിടേക്ക് കുടിയേറിയ എട്ടുപത്ത് മലയാളി കുടുംബങ്ങളടക്കം കഷ്ടിച്ച് അമ്പത് പേരേ ഉണ്ടായിരുന്നുള്ളൂ.

''ഈ പൌലോസച്ചന്റെ പ്രസംഗം കേട്ടാൽ നമക്ക് വട്ടാവും. ബൈബിളിലുള്ളത് വല്ലതും ആണോ ഈയച്ചൻ പറേണത്?'' പ്രസംഗം കേൾക്കുന്നവർക്കിടയിൽ നിന്ന് സിസ്റ്റർ ഫിലോമിന ആരോടെന്നില്ലാതെ ചോദിക്കുന്നത് അവ്യക്തമായി കേട്ടു. മലയാളം അറിയാത്തവർ അതുകേട്ട് മിഴിച്ചുനിന്നിട്ടുണ്ടാവും.

''ഞാൻ വായിച്ചട്ട്ള്ള ബൈബിളില് ഇതൊന്നും ല്യ. അച്ചന് പ്രായം കൊറേ ആയില്ലേ പിച്ചും പേയും പറേണതാവും.''

പ്രസംഗം കഴിഞ്ഞ്, സഹായിയായി കൂടെയുണ്ടായിരുന്ന താംബോയുടെ തോളിൽ പിടിച്ച്, പള്ളിമേടയിൽ നിന്ന് പതുക്കെ താഴേക്കിറങ്ങുമ്പോൾ, മറ്റേതോ സിസ്റ്ററുടെ വാക്കുകളും കാതിൽ വീണു. എനിക്കത് കേട്ടപ്പോൾ ചിരിയാണ് വന്നത്. ബൈബിളിൽ ഉള്ളത് മാത്രം പറയാൻ അച്ചന്മാരുടെ ആവശ്യമില്ലല്ലോ!

''അച്ചോ, ഈശോ മിശിഹായക്ക് സ്തുതിയായിരിക്കട്ടെ'' ഞാൻ, അവർ പറഞ്ഞതൊന്നും കേട്ടിട്ടില്ലെന്ന ധാരണയിൽ, സിസ്റ്റർമാർ മുന്നിലേക്ക് വന്ന് സ്തുതി ചൊല്ലി.

''എപ്പോഴും എപ്പോഴും സ്തുതിയായിരിക്കട്ടെ. ന്റെ സിസ്റ്ററേ, കൊറച്ച് വട്ട്ള്ളോരാ ഈ ലോകത്തെ എന്നും മുമ്പിലിക്ക് നയിച്ചിട്ട്ള്ളത്. രണ്ടായിരം കൊല്ലം മുമ്പിലത്തെ സമൂഹം ഈശോ മിശിഹായ്ക്കും വട്ടാണെന്ന് പറഞ്ഞിട്ട്ണ്ടാവും.''

''അയ്യോ ഞങ്ങളവിടെ തമാശ പറഞ്ഞത് അച്ചൻ കേട്ടായിരുന്നോ? ക്ഷമിക്കണം അച്ചോ.. അങ്ങിനെയൊന്നും ഉദ്ദേശിച്ച് പറഞ്ഞതല്ല.''

''അച്ചനതൊക്കെ എപ്പോഴേ ക്ഷമിച്ചതാ സിസ്റ്ററേ..'' ഇവിടുത്തെ കാട്ടുപ്രദേശങ്ങളിൽ പ്രവർത്തിക്കുമ്പോഴും ഇടയ്ക്ക് ഓരോ നാടൻചുവയുള്ള മലയാള വാക്കുകൾ കേൾക്കുന്നത് വലിയ സന്തോഷമാണ്. സിസ്റ്റർമാരോട് യാത്ര പറഞ്ഞ് താംബോയുടെ കൈപിടിച്ച് കാറിലേക്ക് കയറി. പ്രായമായതിന് ശേഷം താമസം പട്ടണത്തിലെ സ്കൂളിൽ ടീച്ചറായി ജോലി നോക്കുന്ന സഹോദരിയുടെ കൂടെയായിരുന്നു.

ഓർമ്മകൾ ചിന്നിച്ചിതറി കുറെയൊക്കെ അവ്യക്തമായിട്ടും മൂന്ന് വർഷം മുമ്പ് നടന്ന ആ സംഭവം കൃത്യമായി ഓർമ്മയിലെത്താൻ ഒരു പ്രത്യേക കാരണമുണ്ട്. അന്ന് പള്ളിയിൽ നിന്ന് പാപ്പയുടെ വീട്ടിലേക്ക് മടങ്ങുമ്പോളാണ് അന്വേഷണ ഏജൻസിയുടെ പ്രത്യേക സംഘം എന്നെ അറസ്റ്റ് ചെയ്തത്.

പട്ടണത്തിലേക്കുള്ള റോഡിലൂടെ ഏതാണ്ട് പകുതി ദൂരം മുന്നോട്ട് പോയപ്പോൾ ഒരു കൊടുംക്രിമിനലിനെ പിടികൂടുന്നതുപോലെ സായുധരായ അമ്പതോളം പോലീസുകാരുടെ സംഘം അപ്രതീക്ഷിതമായി വളയുകയായിരുന്നു. ഒരു പ്രതിരോധത്തിനും ശക്തിയില്ലാത്ത നിരായുധനായൊരു വൃദ്ധനേയാണല്ലോ ഇത്ര വലിയ സന്നാഹങ്ങളുമായി പിടികൂടാൻ വന്നതെന്നോർത്ത് അവർക്ക് പിന്നീട് ലജ്ജ തോന്നിയിട്ടുണ്ടാവും. സംഘത്തലവനായ പോലീസ് ഓഫീസർ, കസ്റ്റഡിയിലെടുക്കുകയാണെന്ന് പറഞ്ഞപ്പോൾ അത്ഭുതം തോന്നി. കുറേക്കാലമായി ആദിവാസി/പരിസ്ഥിതി പ്രക്ഷോഭങ്ങളിലൊന്നും നേരിട്ട് പങ്കെടുത്തിട്ടില്ല. രാജ്യത്തെ നിയമങ്ങൾക്ക് വിരുദ്ധമായി ഒരു കാര്യവും ചെയ്തിട്ടില്ല. തീവ്രവാദ പ്രസ്ഥാനങ്ങളുമായി ബന്ധമുണ്ടായിരുന്ന കുറെ ചെറുപ്പക്കാരെ സമാധാനത്തിന്റെ പാതയിലേക്ക് കൊണ്ടുവരാനേ ശ്രമിച്ചിട്ടുള്ളൂ. പിന്നെയെന്തിനാണ് എന്നെ അറസ്റ്റ് ചെയ്യുന്നത്?

ദില്ലിയിൽ നിന്നുള്ള നിർദ്ദേശമനുസരിച്ചാണ് കസ്റ്റഡിയിലെടുക്കുന്നതെന്നും രാജ്യത്തെ ഉന്നതസ്ഥാനങ്ങളിലിരിക്കുന്ന ചിലരെ കൊലപ്പെടുത്താനുള്ള ഗൂഢാലോചനയിൽ പങ്കാളിയാണെന്നതിന് തങ്ങളുടെ പക്കൽ തെളിവുകളുണ്ടെന്നും പറഞ്ഞപ്പോൾ, കൂടുതൽ തർക്കിക്കാൻ നിൽക്കാതെ,

താംബോയോട് പാപ്പയെ വിവരമറിയിക്കാൻ പറഞ്ഞ്, അവരുടെ വണ്ടിയിൽ കയറി. അങ്ങിനെയൊരു ഗൂഢാലോചനയിലും പങ്കാളിയല്ലാത്തതിനാൽ അതിനൊരു ഭയവും തോന്നിയതുമില്ല. എന്തോ തെറ്റിദ്ധാരണയുടെ ഫലമായിട്ടാണ് അവർ വന്നിരിക്കുന്നതെന്ന് ഉറപ്പായിരുന്നു. പക്ഷേ വണ്ടിയിൽ കയറി നിമിഷങ്ങൾക്കുള്ളിൽ തന്നെ, അവരുടെ ചോദ്യങ്ങളിൽ നിന്ന്, ഉന്നതതലത്തിൽ വളരെ ആസൂത്രണം ചെയ്തൊരുക്കിയ, എളുപ്പത്തിലൊന്നും രക്ഷപ്പെടാൻ കഴിയാത്ത, കെണിയിലാണ് കുടുങ്ങിയിരിക്കുന്നതെന്ന് മനസ്സിലായി.

പാപ്പ വക്കീലിനേയും കൂട്ടി ജില്ലാ പോലീസ് മേധാവിയുടെ കേന്ദ്രത്തിയപ്പോൾ, അവർക്ക് അങ്ങിനെയൊരു അറസ്റ്റിനെപ്പറ്റി യാതൊരു വിവരവുമില്ലെന്നാണ് മറുപടി കിട്ടിയത്. കേന്ദ്ര ഏജൻസിയാണല്ലോ എന്നെ കസ്റ്റഡിയിലെടുത്തത്. തുടർന്നുള്ള ദിവസങ്ങളിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ കൊണ്ടുപോയി നിരന്തരമായ ചോദ്യം ചെയ്യലായിരുന്നു. ഒപ്പം ക്രൂരമായ പീഡനങ്ങളും. രാജ്യത്തിന്റെ പല ഭാഗങ്ങളിലുള്ള, അധികാരികൾക്ക് അപ്രിയരായ ആക്ടിവിസ്റ്റുകളേയും മനുഷ്യാവകാശ പ്രവർത്തകരേയും ഇല്ലാത്ത ഗൂഢാലോചനയുമായി ബന്ധിപ്പിക്കാനായിരുന്നു അവരുടെ ശ്രമം. അവരിൽ ചിലർ ആദിവാസി/ പരിസ്ഥിതി പ്രവർത്തനങ്ങൾക്കായി ഇവിടെ വന്നിട്ടുണ്ടായിരുന്നു. ഒരു പ്രമാദമായ കേസിൽ അറസ്റ്റ് ചെയ്യപ്പെട്ട, അതിലൊരു പരിസ്ഥിതി പ്രവർത്തകന്റെ ലാപ്ടോപിൽ നിന്ന്, അയാളിവിടെ വന്നപ്പോൾ ഒരുമിച്ചെടുത്ത ഫോട്ടോകളും, അയാൾ മറ്റു ചിലർക്കയച്ച ചില ഈമെയിലുകളിൽ എന്റെ പേര് പരാമർശിച്ചിട്ടുള്ളതുമാണ്, അവർ എനിക്കെതിരെയുള്ള തെളിവായി ചൂണ്ടിക്കാണിച്ചത്. കെട്ടിച്ചമച്ച അത്തരം കുറ്റാരോപണങ്ങൾക്ക് ഉത്തരം പറഞ്ഞ് മടുത്തു. അവർ ആഗ്രഹിച്ച ഉത്തരങ്ങൾ കിട്ടാതായപ്പോൾ പീഡനം കൂടുതൽ ക്രൂരമായി. കസ്റ്റഡിയിലെടുത്ത് പതിനാല് ദിവസം കഴിഞ്ഞാണ് അറസ്റ്റ് രേഖപ്പെടുത്തി മജിസ്ട്രേറ്റിന് മുന്നിൽ ഹാജരാക്കിയത്. അതിനു ശേഷവും പല തവണ കസ്റ്റഡിയിൽ വാങ്ങി ചോദ്യം ചെയ്യലും പീഡനവും തുടർന്നു. മൂന്ന് കൊല്ലം കഴിഞ്ഞിട്ടും അതെല്ലാം ഇപ്പോഴും ഒരു ചടങ്ങു പോലെ ആവർത്തിക്കുകയാണ്. അതിനിടയിൽ ആരോഗ്യം വളരെ മോശമായി. പല അസുഖങ്ങളും ബാധിച്ചു. പ്രായവും ഏറെയായല്ലോ.

രാജ്യത്തിന്റെ പല ഭാഗങ്ങളിലായി, ഇരുപത്തിനാല് പ്രതികളും മുന്നൂറിലേറെ സാക്ഷികളുമുള്ള, ഈ കേസിന്റെ അന്വേഷണം പൂർത്തിയാക്കി ഏതുകാലത്താണ് കുറ്റപത്രം സമർപ്പിക്കുകയെന്നോ വിചാരണ എപ്പോൾ ആരംഭിക്കുമെന്നോ പറയാൻ



പറ്റില്ല. അങ്ങിനെ സംഭവിച്ചാൽ തന്നെ കോടതിക്ക് ആരേയും ശിക്ഷിക്കാൻ കഴിയുമെന്നും തോന്നുന്നില്ല. അറസ്റ്റ് ചെയ്യപ്പെട്ടവരെ വിചാരണ തടവുകാരായി, കഴിയുന്നത്ര കാലം ജയിലിൽ കിടത്തുകയെന്ന ഉദ്ദേശ്യം മാത്രമേ നടക്കാനിടയുള്ളൂ. അതുതന്നെയാണ് ഭരണകൂടത്തിന്റെ ലക്ഷ്യവും.

അറസ്റ്റ് രേഖപ്പെടുത്തിയതിന് ശേഷം സമർപ്പിച്ച ജാമ്യാപേക്ഷകളെല്ലാം കുറ്റത്തിന്റെ ഗൌരവസ്വഭാവം കണക്കിലെടുത്ത് മജിസ്ട്രേറ്റ് കോടതിയും ഹൈക്കോടതിയും തള്ളുകയായിരുന്നു. കേസ് പല തവണ മാറ്റിവെച്ച്, പരമാവധി വൈകിപ്പിച്ച ശേഷമാണ് ആ തീരുമാനങ്ങളുണ്ടായത്. ഒരു കൊല്ലം മുമ്പ് സമർപ്പിച്ച ജാമ്യാപേക്ഷയിൽ സുപ്രീം കോടതി നാളെ വാദം കേൾക്കുകയാണ്. മുൻ അനുഭവങ്ങൾ വെച്ച് ഒട്ടും പ്രതീക്ഷയില്ല!

അയ്യോ !!..

എന്തൊരു വേദനയാണെന്നോ, തീരെ സഹിക്കാൻ വയ്യ! ഇടതുകാലിലെ മുറിവിൽ, ഇടയ്ക്കിടയ്ക്ക് ആരോ കത്തികൊണ്ട് കുത്തിനോവിക്കുന്നതുപോലെ. ഞെരിയാണിക്ക് മേലേ, പഴുപ്പു കയറിയ ഭാഗത്ത്, ചങ്ങല തട്ടുമ്പോൾ പ്രാണൻ പോകുന്ന വേദന. കരച്ചിലടക്കാൻ കഴിയില്ല. കണ്ണുകൾ നിറഞ്ഞൊഴുകും. കഴിയുന്നത്ര ശബ്ദം പുറത്ത് വരാതെ നോക്കും. പോലീസുകാർ കേട്ടാൽ ഓക്കാനം വരുന്ന തെറികൾ കേൾക്കേണ്ടി വരും.

മാസങ്ങളായി കാലുകൾ കട്ടിലിനോട് ചേർത്ത് കെട്ടിയിട്ടിരിക്കുകയാണ്. ശൌചാലയത്തിലേക്ക് കൊണ്ടുപോകുമ്പോൾ മാത്രമാണ് കെട്ടഴിക്കുന്നത്. പോലീസുകാരുടെ കണ്ണുവെട്ടിച്ച് ഓടി രക്ഷപ്പെടാതിരിക്കാനാണത്രേ ഈ കരുതൽ! പരസഹായമില്ലാതെ എഴുന്നേറ്റിരിക്കാൻ പോലും വയ്യാത്ത, എൺപത് വയസ്സ് കഴിഞ്ഞ ഈ വൃദ്ധ പുരോഹിതൻ എങ്ങിനെ ഓടിപ്പോകാനാണ്? അത്തരം ചോദ്യങ്ങൾക്കൊന്നും അന്വേഷണ ഏജൻസിയുടെ മുമ്പിൽ യാതൊരു പ്രസക്തിയുമില്ല. 'ഹി ഈസ് ഡെഡ് ലി ഡെയ്ഞ്ചറസ്, ബി വെരി കെയർഫുൾ' എന്ന് ഇൻസ്പെക്ടർ ഡ്യൂട്ടിയിലുള്ള പോലീസുകാരോട് പറയുന്നത്കേൾക്കാം. അപ്പോൾ ഒരു കൊടുംഭീകരനെ നോക്കുന്നതുപോലെ ജാഗ്രതയോടെ അവർ എന്റെ നേരേ നോക്കും. ആ നോട്ടം സഹിക്കാനാവാതെ ഞാൻ മുഖം തിരിക്കും. ജീവിതകാലം മുഴുവനും ഹിംസക്കെതിരെ സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്ത ഒരാൾക്ക് ഇതിലും വലിയ എന്ത് ദുരന്തമാണ് സംഭവിക്കാനുള്ളത്?

പട്ടണത്തിലെ അലുമിനിയം കമ്പനി നടത്തുന്ന ആശുപത്രിയിൽ കിടക്കാൻ തുടങ്ങിയിട്ട് കുറെ ദിവസങ്ങളായി. ജില്ലാ ജയിലിൽ നിന്നെപ്പോഴാണ് ഇങ്ങോട്ട് കൊണ്ടുവന്നതെന്നറിയില്ല. ആരോഗ്യനില തീരെ മോശമായതിനാൽ, കട്ടക്കിലെ കൂടുതൽ സൗകര്യമുള്ള ഏതെങ്കിലും ആശുപത്രിയിലേക്ക് മാറ്റണമെന്ന ആവശ്യവുമായി പാപ്പയും മറ്റ് മനുഷ്യാവകാശ പ്രവർത്തകരും പല തവണ ഹൈക്കോടതിയിൽ പോയിരുന്നു. ഒടുവിൽ സുരക്ഷാ കാരണങ്ങൾ പറഞ്ഞ്, ഈ കമ്പനി ആശുപത്രിയിലേക്ക് മാറ്റാനാണ് ഉത്തരവിട്ടത്. വേണ്ടായിരുന്നു! ജയിലായിരുന്നു ഇതിലും ഭേദം! കമ്പനിയുടെ ഭൂമികയ്യേറ്റത്തിനെതിരെ ആദിവാസികളെ സംഘടിപ്പിച്ച ആളായതുകൊണ്ട് ഇവിടുത്തെ ഡോക്ടർമാർ തിരിഞ്ഞ് നോക്കുന്നില്ല. വല്ലപ്പോഴും ഒരു നേഴ്സ് വന്നാലായി. തോക്കുമായി കാവൽ നിൽക്കുന്ന രണ്ട് പോലീസുകാർ അടുത്തുള്ളതാണ് ആകെയൊരു സമാധാനം. അപകടകാരിയായൊരു ഭീകരനായിട്ടാണ് അവരെന്നെ കാണുന്നതെങ്കിലും ആഹാരവും മരുന്നും സമയത്തിനെടുത്ത് തരികയും ശൌചാലയത്തിൽ പോകാൻ സഹായിക്കുകയും ചെയ്യുന്നുമുണ്ട്. എന്റെ ജീവനൊന്നും സംഭവിക്കാതെ നോക്കേണ്ടത് അവരുടെ ഉത്തരവാദിത്തമാണല്ലോ.

നാൽപ്പത് കൊല്ലത്തിലേറെയായി ഈ പ്രദേശത്തെ പരമദരിദ്രരായ ആദിവാസികൾക്കിടയിൽ പ്രവർത്തിച്ചു തുടങ്ങിയിട്ട്. വിമോചന ദൈവശാസ്ത്രം തലക്ക് പിടിച്ച എൺപതുകളിൽ സഭയുമായുണ്ടായ ചില പ്രശ്നങ്ങൾ കാരണം നാട് വിട്ട് ഒഡീഷയിലേക്ക് പോരേണ്ടി വന്നതാണ്. മത്സ്യത്തൊഴിലാളികളുടെ അവകാശങ്ങൾക്ക് വേണ്ടി സത്യാഗ്രഹമനുഷ്ഠിച്ച കന്യാസ്ത്രീയെ വേദിയിൽച്ചെന്ന് പിന്തുണച്ച് പ്രസംഗിച്ചതാണ് സഭാനേതൃത്വത്തെ ചൊടിപ്പിച്ചത്. അടിയന്തരാവസ്ഥ കാലത്ത് ഇടതുപക്ഷപിന്തുണയോടെ കോളേജ് യൂണിയൻ ചെയർമാനായി മത്സരിച്ച് ജയിച്ചതിന് ശേഷം ആർച്ച് ബിഷപ്പിന്റെ നല്ല പുസ്തകത്തിലായിരുന്നില്ലല്ലോ. നന്നാവുകയാണെങ്കിൽ ആകട്ടേയെന്ന് കരുതി പ്രധാനപ്പെട്ട പള്ളികളുടെ ഉത്തരവാദിത്തമൊന്നും നൽകാതെ അന്ന് ഒതുക്കിയതായിരുന്നു.

''അച്ചനെന്താ കേരളം എൽ സാൽവദോറാക്കാൻ പോവുകയാണോ?'' എന്നാണ് തീപാറുന്ന നോട്ടവുമായി ആർച്ച് ബിഷപ്പ് ചോദിച്ചത്. അതേ, എന്ന് പറയാനുള്ള ധൈര്യമോ സഹപ്രവർത്തകരുടെ പിന്തുണയോ അക്കാലത്ത് ഉണ്ടായിരുന്നില്ല. എൽ സാൽവദോറിലെ തോക്കേന്തിയ പാതിരിമാരെപ്പറ്റി വായിച്ചറിഞ്ഞ ആവേശം മറച്ചുവെക്കാനും കഴിഞ്ഞില്ല. ജനിച്ചു വളർന്നത് മൂന്നാറിലെ തേയിലത്തോട്ടത്തിലായതുകൊണ്ടും, അപ്പനമ്മമാർ എന്ത് അനീതി കണ്ടാലും ചോദ്യം ചെയ്യാൻ മടികാണിക്കാത്തവരായതിനാലും, സിസ്റ്ററുടെ ഭാഗമാണ് ശരിയെന്ന് തോന്നിയതുകൊണ്ട് പിന്തുണച്ചതാണെന്ന് പറഞ്ഞു.

അച്ചടക്ക നടപടിയുടെ കാര്യത്തിൽ ഉടനെ തീരുമാനമുണ്ടായി. കേരളത്തിലൊരു സ്ഥലത്തും ഇനി പ്രസംഗിക്കാൻ പാടില്ലെന്ന നിബന്ധനയോടെ, സഭ നടത്തിയിരുന്ന മാസികയുടെ പത്രാധിപസമിതിയിൽ നിന്ന് രാജിവെപ്പിച്ച് ഒഡീഷയിലേക്ക് നാടുകടത്തി.

1985 ലെ പുതുവർഷപ്പുലരിയിൽ ബരാംപൂർ

റയിൽവേ സ്റ്റേഷനിൽ വണ്ടിയിറങ്ങുമ്പോൾ ക്രിസ്തുവിന്റെ സന്ദേശം ജനങ്ങളിലേക്കെത്തിക്കുക എന്നത് തന്നെയായിരുന്നു പ്രധാന ലക്ഷ്യം. അവിടെ നിന്ന് എട്ടുമണിക്കൂർ ബസ്സിൽ യാത്ര ചെയ്തിട്ടാണ് പ്രവർത്തന മേഖലയായി അനുവദിച്ച ഈ മലമ്പ്രദേശത്തെത്തിയത്. ഞാൻ ചെല്ലുന്നതിന് രണ്ട് വർഷം മുമ്പ് അവിടെയെത്തിയ വയനാട്ടുകാരനായ ജോസഫ് അച്ചനായിരുന്നു പിന്നീട് എല്ലാ കാര്യങ്ങളിലും വഴികാട്ടി. അദ്ദേഹവും എന്നെപ്പോലെ, വർഗ്ഗീസിന്റെ രക്തസാക്ഷിത്വത്തെ വാഴ്ത്തി പ്രസംഗിച്ചതിന്റെ പേരിൽ, സഭയുടെ അപ്രീതിക്ക് പാത്രമായതായിരുന്നു.

''പൌലോസച്ചോ, നമുക്ക് പട്ടിണി കിടന്ന് നരകിക്കുന്ന ആദിവാസി കൾക്കിടയിലാണ് പ്രവർത്തിക്കേണ്ടത്. അവർക്ക് മുന്നിൽ ദൈവം അപ്പത്തിന്റെ രൂപത്തിൽ മാത്രമേ പ്രത്യക്ഷപ്പെടൂ.''

ജോസഫ് അച്ചന്റെ വാക്കുകൾ ഒരു വെല്ലുവിളിയായി ഏറ്റെടുത്തു. അവിടുത്തെ പാവപ്പെട്ട മനുഷ്യരുടെ പട്ടിണി മാറ്റാനുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോയി. കിട്ടാവുന്നിടത്തുനിന്നൊക്കെ സഹായം ചോദിച്ച് വാങ്ങി. കൃഷിക്ക് പരമാവധി പ്രാധാന്യം നൽകി. നാലഞ്ച് കൊല്ലത്തെ പരിശ്രമം കൊണ്ട് പട്ടിണിയിൽ നിന്ന് ആ പ്രദേശത്തെ മോചിപ്പിക്കാൻ സാധിച്ചു. അപ്പോഴും അന്ധവിശ്വാസങ്ങളും അനാചരങ്ങളും ജാതിപ്പോരുകളുമെല്ലാം ചേർന്ന് ഭീകരമായൊരു അവസ്ഥയിലായിരുന്നു ജനങ്ങളുടെ ജീവിതം. എഴുത്തും വായനയുമറിയുന്നവർ വളരെ കുറവ്. അവരെ അക്ഷരങ്ങളുടെ ലോകത്തേക്ക് കൂട്ടിക്കൊണ്ടുവരാനാണ് പിന്നീട് ശ്രമിച്ചത്. കുട്ടികൾക്കൊരു പള്ളിക്കൂടവും മുതിർന്നവർക്ക് വൈകുന്നേരങ്ങളിൽ അനൌപചാരിക വിദ്യാഭ്യാസ സൌകര്യങ്ങളും ആരംഭിച്ചു. ക്രമേണ അവരെ അന്ധവിശ്വാസങ്ങളിൽ നിന്ന് മോചിപ്പിച്ച് ക്രിസ്തുവിന്റെ വഴിയിലേക്ക് നയിക്കാൻ കഴിഞ്ഞു.

**Baraak** calls their style of cusine as "Indo-Arab silk route cusine" which you would agree when you explore the variety of dishes and the meticulous level of cooking style on the menu. For the first time in Dubai, **Baraak** offers a completely different types of home-made Indian-Arabic cuisine. It includes Mandi, Madbi, Majboos, 15 types of non-veg biryanis, 10 types of vegetarian biryanis, 10 types of Kunafa, Chinese, Lebanese, South & North Indian food for vegetarians and non-vegetarians as well besides a variety of juices, cakes and pastries in an amazing ambience.

Among the hundreds of dishes in the menu, *Baraak Deer Mandi, Baraak Basha Indian Platter, Baraak Watermelon Biriyani, KRG Signature Curd Rice & Pickle, Arabic Spicy Fish Curry, Emirati Prawn Curry, Madras Chicken Pepper Masala, Dates Maldouf* are some of the lip smacking ones which must not be missed.

Though the restaurant is placed in the premium category of fine dine restaurants in Dubai, surprisingly **Baraak** adopts a right-price structure unlike their competitors which makes it attractive to both Asian and Pan-Arab communities.



സിന്റർല റെമിത്
cinderllaremith@gmail.com

# സംസ്കാരം

ഒരു പത്തു വർഷം കഴിഞ്ഞാൽ നല്ല ജോലി സാധ്യതയുള്ള ഒരു മേഖലയെക്കുറിച്ചാണ് ഞാൻ പറയാൻ പോവുന്നത്. അത് പറയുന്നതിന് മുൻപേ, ഞാൻ ഒരു കഥ പറയാം ഒന്നല്ല, രണ്ടു അനുഭവങ്ങൾ.

എന്റെ ജോലിസ്ഥലത്തുനിന്നും ഒരു പതിനഞ്ചു മിനുട്ട് ദൂരം ബസ്സിൽ യാത്ര ചെയ്താണ് ഞാൻ വീട്ടിലേക്കു വരുന്നത്. ഇതിനു മുൻപ് ബസ്സിൽ ഒരുപാട് യാത്ര ചെയ്തു പോയിട്ടുള്ളത് സ്കൂളിൽ പഠിക്കുമ്പോഴാണ്. യു.സി. കോളേജിൽ പഠിക്കുമ്പോൾ അഞ്ചു വർഷവും യാത്രയുണ്ടായില്ല; കോളേജിലെ ഹോസ്റ്റലിൽ തന്നെയായിരുന്നു താമസം, ആദ്യ മൂന്നുവർഷം സ്കിന്നറിലും പിന്നെ രണ്ടു വർഷം വെസ്റ്റ് ഹോസ്റ്റലിലും. പഠനമൊക്കെ കഴിഞ്ഞു, ജോലി തുടങ്ങിയപ്പോൾ മുതൽ ക്ലിനിക്കിന് അടുത്തുതന്നെയുള്ള താമസസ്ഥലം നോക്കിയെടുത്തതുകൊണ്ട് അപ്പോഴും യാത്രയുണ്ടായില്ല. ഇവിടെ യാത്രയെക്കുറിച്ചല്ല പറയാൻ പോവുന്നത്. യാത്രയിൽ കണ്ടുമുട്ടുന്ന മനുഷ്യരെക്കുറിച്ചും, നമ്മൾ എല്ലാവരും ഭാവിയിൽ അനുഭവിക്കേണ്ടി വരാൻ ഇടയുള്ള ഒരു പ്രതിസന്ധിയെയും കുറിച്ചാണ്. ഞാൻ ഈ എഴുതുന്നത് ചിലർക്കെങ്കിലും മനസ്സിലാവാതെ വരും, അങ്ങനെ തോന്നുന്നവർ ഭാഗ്യവാന്മാർ എന്നുമാത്രമേ എനിക്ക് പറയാൻ ഉള്ളൂ.

ക്ലിനിക്കിലേക്ക് പോവുമ്പോൾ ഞായറാഴ്ചയൊഴികെ മിക്കവാറും എല്ലാ ദിവസങ്ങളിലും ക്ലിനിക്കിലെ ഡ്രൈവർ കൂട്ടാൻ വരും.

ഞായറാഴ്ച ബാക്കി എല്ലാവർക്കും അവധിയാണ്; അതുകൊണ്ടു രാവിലെ ടാക്സിയാണ് എന്റെ ശരണം. അങ്ങനെ ഈ കഴിഞ്ഞ മൂന്നുമാസത്തിനിടയിൽ ഒരുപാട് ടാക്സികളിൽ കയറിയിട്ടുണ്ട്. എന്നാൽ അന്ന് ആദ്യമായിട്ടാണ് ഒരു മലയാളം പാട്ടുമായി ഒരു ടാക്സി വന്നത്. കയറുമ്പോൾ തന്നെ 'ആഹാ മലയാളം സോങ്!' എന്ന് ഞാൻ പറഞ്ഞെങ്കിലും ആ ഡ്രൈവർ അത് ശ്രദ്ധിച്ചില്ല എന്ന് തോന്നുന്നു. "Where do you want to go, ma'am?" എന്ന് അവൻ ചോദിച്ചപ്പോൾ, ഞാൻ മനസ്സിൽ പറഞ്ഞു, 'എന്തിനാ, മലയാളി ബ്രോ, ഈ ഇംഗ്ലീഷിലെ ചോദ്യം?' എന്നെന്ന്. കുറച്ചു കൂടെ മുന്നോട്ട് പോയപ്പോൾ, ഞാൻ മലയാളത്തിൽ വഴിപറഞ്ഞു കൊടുത്തു. അപ്പോഴാണ് അവൻ കണ്ണാടിയിലൂടെ പിന്നോട്ട് നോക്കി പറയുന്നത്, 'മാം, മലയാളിയായിരുന്നോ? ഞാൻ കരുതി, നോർത്തിന്ത്യൻ ആയിരിക്കുമെന്ന്.' പിന്നീടിരുന്നങ്ങോട്ട് സംസാരമായിരുന്നു അവന്റെ എട്ടു വർഷമായുള്ള ഗൾഫ് ജീവിതവും, ജോലിയിലെ കാര്യങ്ങളും അങ്ങനെ അങ്ങനെ അവൻ പലതും

പറഞ്ഞു. ഞാനും ഓരോന്നും ചോദിച്ചും പറഞ്ഞും ഇരുന്നപ്പോഴേക്കും എനിക്കിറങ്ങേണ്ട സ്ഥലം എത്തി. ടാക്സി ചാർജിന്റെ കൂടെ ഒരു അഞ്ചു ദിർഹംസ് അവന് കൂടുതൽ കൊടുക്കാം എന്ന് കരുതി, ഞാൻ അത് അവനോട് പറഞ്ഞു. അവന്റെ മറുപടി എന്നെ അത്ഭുതപ്പെടുത്തി: 'വേണ്ട, മാം, ടിപ്പ് വേണ്ട. എല്ലാ ദിവസവും ജോലി തുടങ്ങി അവസാനിക്കുന്നതുവരെ ആരോടും സംസാരിക്കാൻ ഉണ്ടാവാറില്ല. കുറച്ചു സംസാരിച്ചപ്പോൾ നല്ല ആശ്വാസം, അത് മതി, ടിപ്പ് വേണ്ട.'

കാറിൽ നിന്നറങ്ങി നടക്കുമ്പോൾ, ഞാൻ ഉള്ളിൽ ചിരിച്ചു. ഞാൻ സൈക്കോളജിസ്റ്റ് ആണ് എന്നൊന്നും അവൻ അറിയില്ല. സംസാരിക്കാനും, നമ്മളുടെ സംസാരം കേൾക്കാനും ആളുണ്ടായാൽ തന്നെ നമുക്കു എന്തൊരു ആശ്വാസമാണ്!

രണ്ടാമത്തെ കഥ നടക്കുന്നത് രണ്ട് ദിവസങ്ങളിലായിട്ടാണ്. ക്ലിനിക്കിൽ നിന്നും തിരിച്ചു വരുന്ന വഴി, അന്ന് ഒരു ഓട്ടത്തിന് ശേഷമാണ് ബസ്സിൽ കയറിക്കൂടിയത്. എല്ലാവരും ഓഫീസിൽ നിന്നും തിരിച്ചുവരുന്ന സമയമായതുകൊണ്ട് തന്നെ സാമാന്യം തിരക്കുള്ള ഒരു ബസ്സായിരുന്നു. ബസിൽ കയറി പേയ്മെന്റ് മെഷീനിൽ കാർഡ് വച്ചതും, പിന്നിൽ നിന്ന് ഒരാൾ എഴുന്നേറ്റു അടുത്ത് വന്നു പറഞ്ഞു: "You deserve this seat." ഓടിക്കിതച്ചു ബസിൽ കയറിയതുകൊണ്ടും, നല്ല തിരക്കിൽ ഒരു സീറ്റ് കിട്ടിയതുകൊണ്ടും, ഞാൻ ആൾക്കാർക്കിടയിലൂടെ നൂഴഞ്ഞു ആ സീറ്റിൽ പോയിരുന്നു, ഒരു ദീർഘനിശ്വാസമിട്ടു. ചുറ്റും നോക്കിയപ്പോൾ, എല്ലാവരുടെയും കാതുകളിൽ വയറുകൾ ചുറഞ്ഞ് തല താഴ്ന്നിരിക്കുന്നു. ഒരേ ലോകത്ത് പല ലോകങ്ങൾ തീർക്കുന്ന മനുഷ്യരെ ഒന്നുകൂടെ ചുറ്റുപാടും നോക്കി, ഞാനും എടുത്തു എന്റെ ഫോൺ. അതിൽ കുത്തിപിടിച്ചിരുന്നപ്പോഴേക്കും, ഇറങ്ങേണ്ട സ്ഥലം എത്തി. ലാസ്റ്റ് സ്റ്റോപ്പ് ആയതുകൊണ്ട് വലിയ തിരക്കൊന്നും കാണിക്കാതെ, ഞാൻ എഴുന്നേറ്റുനിന്നു. അപ്പോഴാണ് എനിക്ക് എഴുന്നേറ്റുതന്ന ആ തൊപ്പിവച്ച, നരച്ച താടിയുള്ള, വലിയ ഒരു ബാഗ് പിടിച്ച മനുഷ്യൻ മുന്നിലിറങ്ങിപോവുന്നത് കണ്ടത്.

പത്തെഴുപത് വയസ്സുള്ള ആ മനുഷ്യൻ ബസ്സിൽ നിന്നിറങ്ങുമ്പോൾ എനിക്ക് സീറ്റ് തന്നു എന്നായിരുന്നു ഞാൻ കരുതിയത്. പക്ഷെ എനിക്കുവേണ്ടി എഴുന്നേറ്റുതന്നതെന്തിനാണാവോ എന്ന് ഞാൻ എത്ര ആലോചിച്ചിട്ടും കിട്ടിയില്ല. ഓടിപ്പോയി ചോദിക്കണം എന്നുണ്ടായിരുന്നു, പക്ഷെ അതിനുള്ള എനർജി ഇല്ലാത്തതുകൊണ്ട്, ഞാൻ പതിയെ ഒരു ഒച്ചിഴഞ്ഞു പോവുന്നതുപോലെ നിരങ്ങി നീങ്ങി. വീട്ടിലെത്തി ഭർത്താവിനോട് ഈ കഥയൊക്കെ പിന്നേം പിന്നേം പറഞ്ഞു ഒരു ഉത്തരം കണ്ടുപിടിക്കാൻ ശ്രമിച്ചു. 'ചിലപ്പോ, എന്റെ വലിയ വയറ് കണ്ടിട്ട് ഞാൻ പ്രെഗ്നന്റ് ആണെന്ന് കരുതിക്കാണും,' എന്നൊക്കെ പറഞ്ഞു ഞങ്ങൾ ചിരിച്ചു. അങ്ങനെ രണ്ടു, മൂന്നു ദിവസങ്ങൾക്കു ശേഷം, ഞാൻ വീണ്ടും അദ്ദേഹത്തെ ബസ്സിൽ കണ്ടു. ഇന്ന് എനിക്കുള്ള അവസരമായിരുന്നു; അടുത്തുള്ള സീറ്റ് ഒഴിഞ്ഞപ്പോൾ, ഞാൻ ആ സീറ്റ് നിവർത്തി, അദ്ദേഹത്തോട് ചിരിച്ചു. അവിടെ ഇരുന്നപ്പോൾ, ഞാൻ എന്റെ ഉള്ളിലെ ആ ചോദ്യം അങ്ങ് ചോദിച്ചു. ചിരിച്ചുകൊണ്ട്, അദ്ദേഹം പറഞ്ഞു, 'ചില കാര്യങ്ങൾ ചെയ്യാൻ തോന്നുമ്പോൾ, നമ്മൾ അങ്ങ് ചെയ്യണം. നമ്മളെ പറ്റി ആ നിമിഷം ഒരുപാട് ചിന്തിക്കരുത്,' എന്ന്. പിന്നീട്, അദ്ദേഹം 47 വർഷത്തെ ഗൾഫ് ജീവിതത്തെപ്പറ്റിയും ബിസിനസ്സിലെ ഉയർച്ച താഴ്ചകളെപ്പറ്റിയുമൊക്കെ ഒരുപാട് പറഞ്ഞു. ഞാൻ വിസിറ്റിംഗ് കാർഡൊക്കെ കൊടുത്തു, ബസ്സിൽ നിന്നിറങ്ങി. കാഴ്ച മങ്ങിയ കണ്ണുകളും, വാർദ്ധക്യത്തിന്റേതായ ചെറിയ ഒരു വിറയലും ഒക്കെ ഉണ്ടായിട്ടും, അദ്ധ്വാനിച്ചുകൊണ്ടിരിക്കുന്ന ആ മനുഷ്യനോട് വളരെ ബഹുമാനം തോന്നി. അപ്പോഴാണ്, പിന്നിൽ നിന്നൊരു വിളി 'സിന്റർലാ.' തിരിഞ്ഞു നോക്കുമ്പോൾ, കയ്യിൽ ഒരു തണ്ണിമത്തനും പഴങ്ങളുമുള്ള കവറുമായി, അദ്ദേഹം എന്നെ വിളിക്കുന്നു.

അവിടേക്കു ചെന്നപ്പോൾ, അദ്ദേഹവും വഴിയോരകച്ചവടക്കാരനും തമാശയൊക്കെ പറഞ്ഞിരിക്കുന്നു. ആ സംസാരത്തിൽ നിന്ന് മനസ്സിലായി അവർ ഒരുപാട് കാലത്തെ പരിചയക്കാരാണെന്നു. വേണ്ട എന്ന് പറഞ്ഞെങ്കിലും, എന്നെ നിർബന്ധിച്ചു ആ കവർ പിടിപ്പിച്ചു. എന്നിട്ട്, അദ്ദേഹം അതെ പോലെ ഒരു കവറുമായി നടന്നു. "I can't eat these but my wife can, I buy something for her everyday" എന്നും പറഞ്ഞു. പിന്നീടെപ്പോഴെങ്കിലും കാണാം എന്നും പറഞ്ഞു നടക്കുമ്പോൾ, എന്റെ മനസ്സിൽ നിറഞ്ഞു നിന്നത് ഒരേ ഒരു കാര്യമായിരുന്നു.

സംസാരം! സംസാരിച്ചതിന്റെ സന്തോഷത്തിന് തനിക്കു ടിപ്പ് വേണ്ട എന്ന് പറഞ്ഞ മനുഷ്യനും, സംസാരിച്ചതിന്റെ സന്തോഷത്തിന് ഒരു കവറിൽ സ്നേഹം തന്ന മനുഷ്യനും. മനുഷ്യർ സംസാരം കേൾക്കാൻ കൊതിക്കുന്ന കാലമെത്തിയിരിക്കുന്നു. തനിക്കു പറയാനുള്ളത് ആരെങ്കിലും കേൾക്കാൻ ഉണ്ടാവുമ്പോൾ സന്തോഷത്തിന്റെ കടലുകൾ നീന്തിക്കയറുന്നു. തീർച്ചയായും, അടുത്ത പത്തു വർഷങ്ങൾ ചെവിയിൽ ഹെഡ്സെറ്റും വച്ച് ഫോണിൽ നോക്കി ഇരിക്കുന്ന രീതി തുടർന്നുകൊണ്ടിരിക്കുന്ന ഒരു സമൂഹമാണെങ്കിൽ, നമ്മൾ പരസ്പരം കേൾക്കാനും മിണ്ടാനും മറന്നുപോവുന്ന ഒരു സമൂഹമായി മാറും. അപ്പോൾ അതിനായ് ആഗ്രഹിക്കുന്നവർ 'കേൾവിക്കാരെ' തിരഞ്ഞിറങ്ങും... for a professional listener.



ഡി.സന്തോഷ്കുമാർ
dsanthoshonline@gmail.com



( 20ാം നൂറ്റാണ്ടിന്റെ അവസാന 20 വർഷങ്ങളിലെ ചില ഹൃദയമുദ്രകൾ)

സമരങ്ങൾ പൂക്കുന്ന കാലം
സ്വപ്നങ്ങൾ കത്തുന്ന കാലം
പഴയ കലാലയക്കാലം....
പുസ്തകം പിൻബെഞ്ചിലിട്ട്
കൊടിതേടിയോടുന്ന കാലം
ചുണ്ടത്തു പുകയുന്ന ബീഡി
നെഞ്ചത്തു കനലായ് നെരൂദ
പഠനം പരീക്ഷയ്ക്കു മാത്രം
പോരാട്ടമല്ലോ പ്രധാനം...
ഇരുട്ടിൻ പുതപ്പിട്ട ഹാളിൽ
പഴഞ്ചൻ പ്രൊജക്റ്റർ മുരണ്ടു
ഇരുട്ടും വെളിച്ചവും തമ്മിൽ
കറുപ്പും വെളുപ്പും പറഞ്ഞു.
കുറസോവ ഓടിത്തുടങ്ങി
പിന്നാലെ റേയും അടൂരും,
ജോണിനെ വൈദ്യുതി ഒറ്റി
അഗ്രഹാരത്തിലെ കഴുത
പകുതിക്കു വച്ചു പിണങ്ങി,
എല്ലാം മനസ്സിലായില്ല; പക്ഷെ
എന്തോ മനസ്സിൽ കടിച്ചു!

മാവായിപ്പൂക്കുന്നു കവിത
മഴയായിപ്പെയ്യുന്നു കവിത
ചുട്ടി കുത്താനായ് കിടക്കും
തിരുനാവാമണലിലും കവിത
സച്ചിദാനന്ദന്റെ വാക്കിൽ
വാഗർഥമുല്ലകൾ പൂത്തു.

തീപ്പന്തമായി കടമ്മൻ
കാട്ടാളനലറിക്കുതിച്ചു



നട്ടുച്ചകുത്തിക്കെടുത്തി
പടയണിപ്പന്തങ്ങൾ നെഞ്ചിൽ.

കാറ്റിലെ കാർമേഘമായി
വിനയചന്ദ്രൻ പെയ്തുപോകേ
വീട്ടിലേക്കുള്ള വഴിയിൽ
നാട്ടുനിലാവു തളിർത്തു.

ആനന്ദധാരയിൽ മുങ്ങി
ബാലചന്ദ്രൻ ചുട്ടുപൊള്ളി
അമ്ളാക്ഷരക്കൂട്ടഴിഞ്ഞു
ചോരയ്ക്കു തീപിടിക്കുന്നു.

സസ്യശാസ്ത്രപ്പുസ്തകത്തിൽ
പ്രണയം ഇലപ്പച്ചയായി
പൊട്ടിച്ചിതറിയ വാക്കിൽ
ബുദ്ധനയ്യപ്പൻ ചിരിച്ചു.

പേരറിയാ,പ്പെൺകിടാവിൻ
നേരിന്റെ കോതമ്പുമണികൾ
ഓയെൻവിയീണത്തിൽ വിതറി
തോന്ന്യാക്ഷരത്തിൻ മഹത്വം!

കൃഷ്ണനെ തേടിയലഞ്ഞു,
പാവമൊരു പെണ്ണിന്റെ ഹൃദയം
പന്ത്രണ്ടുമക്കളിലെ ഭ്രാന്തൻ
സത്യങ്ങൾ ചൊല്ലിക്കയറ്റി.

ധനുമാസരാവാർദ്രയായി
കക്കാടുപോയതോർക്കാതെ
കവിയരങ്ങന്നേ കഴിഞ്ഞു
പിന്നെയും കാലമുരുണ്ടു...

കൂടപ്പിറപ്പുകൾ പോലെ
കൂടെ പഠിച്ചവർ മാത്രം.
അന്നത്തെ ചങ്ങാത്തമിന്നും
നെഞ്ചിൽ മഴച്ചാറ്റലല്ലോ.

അരികിൽ നീയുണ്ടെങ്കിലെന്ന്
പല മാത്ര വെറുതേ നിനച്ചു.
ഗാനങ്ങളിൽ പ്രണയലതകൾ
തളിരണിഞ്ഞുലയുന്ന കാലം.
സംഗീതമമരസല്ലാപം!
ഗന്ധർവ്വ ഗാനപ്രവാഹം!

ഓണത്തരംഗിണീ ഗാനം
ഉത്രാടപ്പൂനിലാവായി
ദേവാങ്കണം കൈയൊഴിഞ്ഞ
താരകം വേദനയായി
പിന്നെയും പിന്നെയും ആരോ
പദനിസ്വനമായ് കിനാവിൽ...

ഊഴമിട്ടിരു നായകന്മാർ
മലയാള ഹൃദയം പകുത്തു.
വെള്ളിത്തിരയുടെ രണ്ടു
സ്വർണ്ണക്കരകളായ് മിന്നി.

ഇരുചേരിയായ് നിന്ന ലോകം
ഒരു കുടക്കീഴിലൊതുങ്ങി
തൊഴിലാളി നെഞ്ചോടു ചേർത്ത
സോവിയറ്റ് സ്വപ്നം പൊലിഞ്ഞു,
ഗ്ലാസ് നസ്തിനർഥം തിരഞ്ഞു
പെരിസ്ട്രോയ്ക പിടികിട്ടിയില്ല
കംപ്യൂട്ടറെന്നൊരു ഭ്രാന്തൻ
ലോകം ഭരിക്കാൻ വരുന്നേ!

മറഡോണ മനസിൽ കളിച്ചു,
വിജയന്റെ ഗോളാണ് ഗോള്,
തലനാരിഴയ്ക്കുഷച്ചേച്ചി
തലതാഴ്ത്തിടുമ്പോൾ കരഞ്ഞു
കപിലിനെപ്പോലും മറന്നു
സച്ചിനെ കണ്ടതിൽപ്പിന്നെ.

ഭീമന്റെ നെഞ്ചിലെ തീയിൽ
സൗഗന്ധികം പൂത്തു നിന്നു,
ഗുരുസാഗരത്തിന്റെ കരയിൽ
കുഞ്ഞുണ്ണി അർഥം തിരഞ്ഞു,
ദൈവം വികൃതികൾ കാട്ടാൻ
പിന്നെയും മയ്യഴിയിലെത്തി,
ഹിഗ്വിറ്റ അത്ഭുതം കാട്ടി,
പട്ടേലരെ കണ്ടു ഞെട്ടി,
ലോലയെ കാണാൻ കൊതിച്ചു,
ഗൗരിയിൽ കണ്ടമ്പരന്നു
''പ്രണയത്തിനധര സിന്ദൂരം''
പഴയഘടികാരങ്ങൾ പലതും
പതിയേ നിലയ്ക്കുന്ന കാലം!

സുകുമാർ അഴീക്കോട് മാഷ്
സാഗരഗർജ്ജനമായി
ഈയാഴ്ച വാരഫലത്തിൽ
ആരെക്കുടയും പ്രൊഫസർ?
ഒന്നും വെറുക്കാതെ നമ്മൾ
എന്തും രസിക്കുന്ന കാലം.

ഇരുപതാം നൂറ്റാണ്ടു താനേ
പടിയിറങ്ങിപ്പോയ നേരം
കാലമിറക്കി കിടത്തി
ഞങ്ങളിലെ നിറയൗവ്വനങ്ങൾ!





അലക്സാണ്ടർ വിൽസൺ
wilsonandmind@gmail.com

# മാല പൊട്ടിച്ചയാളിനെ പിടിച്ചാൽ നമ്മൾ എന്ത് ചെയ്യും?

പത്രവായനയ്ക്കിടയിലുള്ള ഒരു ഇടവേളയിൽ, സ്വർണ വില കുതിച്ചുയരുകയും എന്നാൽ സ്വർണത്തിന്റെ ആവശ്യം കുറയാതിരിക്കുകയും ചെയ്യുന്നത് എന്തുകൊണ്ട് എന്ന് ചിന്തിച്ചിരിക്കുമ്പോഴാണ് വലിയ പ്രാധാന്യമില്ലാതെ ഏഴാം പേജിന്റെ മൂലയിൽ കിടന്ന ഒരു വാർത്താ ശകലം എന്റെ കണ്ണിലുടക്കുന്നത്. സ്വർണാഭരണങ്ങൾ കവരുന്നത് ഇക്കാലത്തു ഒരു വാർത്ത പോലുമല്ലാതായതുകൊണ്ടു എന്താണ് ഈ വാർത്തക്ക് ഇത്ര പ്രത്യേകത എന്ന് ആലോചിച്ചുകൊണ്ടാണ് ഞാൻ വായന തുടങ്ങിയത്. ‘ബൈക്കിലെത്തി മാല കവരാൻ ശ്രമിച്ച മോഷ്ടാവിനെ തടഞ്ഞു യുവതി, നിലത്തു വീണു പരിക്ക്, പ്രതി പിടിയിൽ’

അപ്പോൾ വാർത്തയിൽ അത്യാവശ്യം ആക്ഷൻ ഉണ്ടെന്നു മനസിലായി. വാർത്തയുടെ ഉള്ളടക്കം ഇത്രമാത്രം, രേവതി എന്ന യുവതിയുടെ മാല പിടിച്ചു പറിച്ച ശ്രീകുമാർ എന്ന യുവാവ് ബൈക്കിൽ കടന്നു കളയാൻ ശ്രമിക്കുന്നു. രേവതി വിടുന്നില്ല. ശ്രീകുമാറിന്റെ ബൈക്കിന്റെ പിന്നിൽ

# *Honoring*





Ramesh Puthalathu & Geetha Pillai presenting memento and gift to the outgoing principal Dr.M.I.Punnose in his office. Former members Dr.Tiju Thomas and Suresh Varma were also present.

പിടിച്ചുകൊണ്ട് അവൾ ഓടുന്നു. ബൈക്കിനൊപ്പം രണ്ടുപേരും മറിഞ്ഞുവീണു പരിക്കേൽക്കുന്നു, നാട്ടുകാർ കൂടി തടഞ്ഞുവച്ച ശ്രീകുമാറിനെ പോലീസിൽ ഏൽപ്പിക്കുന്നു. രണ്ടുപേരുടെയും ബൈക്കിന്റെ ഉൾപ്പെടെ ചിത്രവും കൊടുത്തിട്ടുണ്ട് പത്ര വായനയിൽ പതിറ്റാണ്ടുകളുടെ പരിചയ സമ്പത്തുള്ളതുകൊണ്ടു കാര്യങ്ങൾ എനിക്ക് മനസ്സിലായി, എന്നാൽ ഈ സംഭവത്തിൽ നാട്ടുകാരുടെ പങ്ക് എന്താണെന്നായിരുന്നു എന്റെ ചിന്ത. ഒരു പക്ഷെ ബൈക്കപകടം കണ്ടു ഓടിക്കൂടിയ നല്ലവരായ നാട്ടുകാരായിരിക്കും.

മാല ഉടമയുടെ സ്വാഭാവികമായ ആശങ്കയും നഷ്ടപ്പെടലിന്റെ വേദനയും മനസിലാകും. അപഹരിക്കാൻ ശ്രമിച്ച ആൾക്ക് കാശിന്റെ അത്യാവശ്യമോ അതോ ആർത്തിയോ കാരണം പെട്ടെന്ന് ഉണ്ടായ ചിന്തയിൽ നിന്നാവണം ഇങ്ങനെയൊരു തെറ്റായ (എന്ന് പൊതു സമൂഹം കരുതുന്ന) മാർഗം തെരഞ്ഞെടുക്കാൻ കാരണം. പക്ഷെ അത് നടപ്പാക്കാതെ പോയതിന്റെ നിരാശയും സ്വാഭാവികം. അതും മനസിലാക്കാം. പിന്നെ നല്ലവരായ നാട്ടുകാരും. കാര്യങ്ങൾ കൂടുതൽ വ്യക്തമായി മനസിലാക്കാൻ എന്താണ് വഴി എന്നാലോചിച്ചപ്പോൾ ഉത്തരം FIR, ക്രൈം ഫയൽ, ക്രൈം ന്യൂസ് എന്നിങ്ങനെ എല്ലാ ന്യൂസ് ചാനലുകളിലെയും രാത്രി എട്ടു മണിയ്ക്കുള്ള പരിപാടി ഓർമയിൽ വന്നു.

നമ്മുടെ നാട്ടിൽ നടക്കുന്ന തട്ടിപ്പ്, വെട്ടിപ്പ്, കൈക്കൂലി, മോഷണം കൊല, കൊള്ളിവെപ്പ്, ബലാത്സംഗം ആദിയായ വിവരങ്ങൾ പോലീസുകാരേക്കാൾ ആത്മാർത്ഥതയോടും, കൃത്യതയോടും കണ്ടെത്തി അത് പിന്നണി സംഗീതത്തിന്റെ അകമ്പടിയോടും ചിലപ്പോൾ കുറ്റകൃത്യം ദൃശ്യാത്മകമായി ചിത്രീകരിച്ചും നമ്മെ മുൾമുനയിൽ നിർത്തുന്ന ചാനൽ റിപ്പോർട്ടർമാരെ ഞാൻ മനസ്സാ നമിക്കുന്നതാണ്. ഇനി ഏതെങ്കിലും കാരണവശാൽ ഒരു ദിവസം രാത്രി കാണിക്കാനുള്ള സംഗതി ഒത്തില്ലെങ്കിൽ ഇവരൊക്കെ എന്ത് ചെയ്യുമെന്നും ഓർത്തു ഞാൻ വ്യാകുലപ്പെടാറുമുണ്ട്.

ഞാൻ കരുതിയതുപോലെ രാത്രി ഏതാണ്ട് എല്ലാ ചാനലുകളും മാല പിടിച്ചുപറിയുടെ CCTV footage കാണിച്ചുകൊണ്ടിരുന്നു.

വിജനമായ ഒരു ഇടത്തിൽ ഒരാൾ ബൈക്കിൽ വരുന്നു. നടന്നു പോകുന്ന യുവതിയുടെ അടുത്ത് നിർത്തുന്നു. എന്തോ ചോദിക്കുന്നു. പെട്ടെന്ന് യുവതിയുടെ കഴുത്തിലെ മാല വലിച്ചു പൊട്ടിക്കുന്നു. അടുത്ത നിമിഷം ബൈക്ക് മുൻപോട്ടു എടുക്കുമ്പോൾ, യുവതി ബൈക്കിന്റെ പിന്നിലെ കമ്പിയിൽ പിടിച്ചു തൂങ്ങുന്നു, അല്പദൂരം ബൈക്ക് മുന്നോട്ടു പോയി രണ്ടു പേരും ബൈക്കും നിലത്തു വീഴുന്നു. വഴിപോക്കരും നാട്ടുകാരും ഓടികൂടുന്നു. പിന്നെയാണ് എന്നെ ഞെട്ടിച്ചുകൊണ്ട് മർദ്ദനമുറ അരങ്ങേറുന്നത്. ആളുകൾ കൂട്ടത്തോടെ യുവാവിനെ തല്ലുകയും ചവിട്ടുകയും ചെയ്യുന്നു. അതിനിടയിൽ എവിടെ നിന്ന് ഓടിവന്ന് ഒരാൾ തന്റെ ഹെൽമെറ്റ് ഊരി അതുകൊണ്ട് യുവാവിനെ അടിക്കുന്നു. അടുത്ത സീനിൽ അതുവഴി വന്ന പൊലീസിന് അവശനായ യുവാവിനെ കൈമാറുന്നു. നാട്ടുകാർ തൃപ്തിയോടെ പിരിഞ്ഞു പോകുന്നു.

അപ്പോഴാണ് ഞാൻ കൂടുതൽ ആശയകുഴപ്പത്തിലായത്. കാരണം എവിടെനിന്നോ വന്നു കൂടിയ നാട്ടുകാരാണ് ബൈക്ക് യാത്രികന് നേരെ തിരിഞ്ഞു കൈയേറ്റം ചെയ്തത്. പഴയ പല സിനിമകളിലും നായകനും വില്ലന്മാരും തമ്മിലുണ്ടാകുന്ന സംഘട്ടങ്ങൾക്കൊടുവിൽ പോലീസ് പ്രത്യക്ഷപ്പെടുന്നതും യാതൊരു ചോദ്യവുമില്ലാതെ എല്ലാം അറിയുന്നു എന്ന രീതിയിൽ വില്ലന്മാരെ പിടിച്ചു ജീപ്പിൽ കയറ്റുന്നതുമാണ് എനിക്ക് ഓർമ്മവന്നത്.

ടീവി ഓഫ് ചെയ്തു ഞാൻ കണ്ണടച്ച് ചാരിയിരുന്നു. ഒരു ജ്ഞാനോദയം പോലെ എനിക്ക് അപ്പോൾ കാര്യങ്ങൾ എല്ലാം വ്യക്തമായി. നമ്മുടെ ചുറ്റും നടക്കുന്ന എല്ലാ സംഭവങ്ങളിലും മൂന്നു കക്ഷികൾ ഉണ്ട്.

ഞാനും നിങ്ങളും പിന്നെ നമ്മളിൽ ഒരാളെ കൈകാര്യം ചെയ്യാൻ സ്വന്തം ജോലിയും സമയവും എല്ലാം മാറ്റിവെച്ചു സന്നദ്ധരായി മുന്നോട്ടു വരുന്നവർ 'നാട്ടുകാർ' എന്ന് പൊതുവെ വിളിക്കുന്നവരും. അവർ എല്ലാം കാണുകയും അറിയുകയും അപ്പോൾ തന്നെ നമ്മളുടെ കർമ്മത്തിന് അനുസരിച്ചുള്ള പ്രതിഫലം തരികയും ചെയ്യുന്നു. ഛാന്ദോഗ്യ ഉപനിഷദിൽ പ്രതിപാദിക്കുന്ന ആകർമ്മ കർമ്മം, നമ്മുടെ കർമ്മത്തിനനുസരിച്ച് ഫലം ഉടൻ തരുന്നത് അപ്പോൾ നാട്ടുകാരാണ്.

ശ്രീകുമാർ രേവതിയുടെ മാല പൊട്ടിച്ചു ഓടിയപ്പോൾ ശ്രീകുമാറിന്റെ കർമ്മത്തിന്റെ ഫലം കൊടുക്കാൻ ഉടൻ നാട്ടുകാർ അവിടെയെത്തി. അവരുടെ കർമം നിർവഹിച്ചു. കർമ്മത്തിന്റെ ഫലം ഉടനടി. എല്ലാം ശുഭം.



**From the centenery celebrations week in November 2022.
Our alumni sponsored an evening of “Naadan Paattu”
by famous ethno musical group Karinthalakoottam.**





വി കെ ഷാഹിന
vkshahina@gmail.com

# തിളക്കം

വഴി വിജനമാണ്
ദൂരെ ഒരു മരച്ചുവട്ടിൽ
നീ കാത്തു നിൽക്കുമെന്നറിയാം
പാതയവസാനിക്കുന്നിടത്ത്
കൊടുങ്കാടുണ്ടായിരുന്നു
വെയിൽ തിന്ന മരങ്ങൾ
ഉച്ചിയിൽ തീയായെരിഞ്ഞപ്പോൾ
വിശന്നു പൊരിഞ്ഞ
ഹിംസ്രമൃഗത്തെ പോലെ
ചാടി വീഴുന്നുണ്ടോർമ്മകൾ
തേറ്റപ്പല്ലുകളിൽ
പണ്ടു തിന്നു തീർത്ത
പ്രണയമെന്ന ജീവിയുടെ
മാംസത്തരികളും.....
ഒട്ടും കാരുണ്യമില്ലാതെയത്
ഹൃദയം തിന്നു തുടങ്ങുമ്പോൾ
പരവശപ്പെട്ട്
വിയർപ്പിറ്റിയ
മുഖം തുടയ്ക്കാൻ
വെള്ളമെന്തിന്?
കണ്ണീരാൽ കഴുകി
മിനുക്കിയ മുഖത്തിന്
പുഞ്ചിരിയുടെ തിളക്കമില്ലേ?





ബിന്ദു രാജേഷ്
binduraj149@gmail.com

# ഓർമ്മകളിലെ ചില ചിത്രത്തുന്നലുകൾ

അന്നൊക്കെ സ്‌ക്കൂൾ തുറക്കാൻ കാത്തിരിക്കും മഴയെത്താൻ. ആരോ പറഞ്ഞു വച്ചതു പോലെ പുതിയ യൂണിഫോമും ബാഗും കുടയുമെല്ലാം നനച്ച് കുറുമ്പു കാട്ടിയിട്ട് മാറി നിന്നു ചിരിക്കുന്ന കുസൃതിക്കാരിയായ മഴ.

അങ്ങനെ മഴ കുസൃതി കാട്ടിയ കർക്കിടക മാസത്തിലെ ഒരു നനഞ്ഞ വൈകുന്നേരം. ചാറ്റൽ മഴയിൽ കുളിരണിഞ്ഞ് നാണിച്ചു നിൽക്കുന്ന എന്റെ പെൺപള്ളിക്കൂടം. വിദ്യാവിലാസിനിയെന്ന പഴയ പേരു മാറ്റി Govt. Girls High School എന്നാക്കി മോഡേണായെങ്കിലും രൂപത്തിലും ഭാവത്തിലും നാടനായ ഒരു പാവം സർക്കാർ സ്‌ക്കൂൾ. പച്ചപ്പായലു പിടിച്ച ഓടുമേഞ്ഞ കെട്ടിടങ്ങളും, ചുറ്റും മൈലാഞ്ചിച്ചെടികളും, കുട്ടികൾ പൗഡർ ടിന്നിൽ ചരടു കെട്ടി വെള്ളം കോരിയിരുന്ന വലിയ കിണറും, മറയില്ലാത്ത മൂത്രപ്പുരകളും, വരാന്തയിൽ സമൃദ്ധമായിരുന്ന മരപ്പട്ടിക്കാഷ്ഠവും. ശരിക്കുമൊരു തനി നാടൻ വിദ്യാലയം. പക്ഷേ ഈ പരാധീനതകളൊന്നും അധ്യാപനത്തിന്റെ കാര്യത്തിൽ ഇല്ലാത്തതു കൊണ്ട് എന്നും നല്ല റിസൽറ്റോടെ പഴമയുടെ പൈതൃകവുമായി വിദ്യാവിലാസിനി തലയുയർത്തിത്തന്നെ നിന്നു.

അഞ്ചാംക്ലാസ്സിൽ പുതിയ സ്‌ക്കൂളിൽ വന്നു ചേർന്നത് ഒട്ടും സന്തോഷത്തോടെയായിരുന്നില്ല. പ്രിയപ്പെട്ട കൂട്ടുകാരിയ്‌ക്കൊപ്പം ഇംഗ്ലീഷ് മീഡിയം സ്‌ക്കൂളിൽ പോകണമെന്ന ആവശ്യം അച്ഛൻ അംഗീകരിക്കാത്തതും, അഡ്മിഷൻ എടുക്കാൻ വൈകിയതു മൂലം A ഡിവിഷനു പകരം B ഡിവിഷനിൽ ചേരേണ്ടി വന്നതും എന്നെ ഏറെ വിഷമിപ്പിച്ചു. തിരിച്ചു പോകാൻ സൈക്കിളിനു പിന്നിൽ കയറുമ്പോൾ എന്റെ മുഖത്തെ മ്ലാനത കണ്ടാവും അച്ഛൻ പറഞ്ഞു

'പഠിയ്ക്കാനുള്ള കുട്ടികൾ എവിടെ ആയാലും പഠിയ്ക്കും.' ആ തത്ത്വചിന്ത ഉൾക്കൊള്ളാനായില്ലെങ്കിലും പോകുന്ന വഴിയിൽ മോഹൻ ചേട്ടന്റെ ബേക്കറിയിൽ നിന്ന് അച്ഛൻ വാങ്ങിത്തന്ന വാനില ഐസ്ക്രീമിൽ ഞാനെന്റെ പരിഭവം തൽക്കാലത്തേക്ക് അലിയിച്ചു കളഞ്ഞു.

പതുക്കെ പതുക്കെ പുതിയ സ്‌ക്കൂളിന്റ അന്തരീക്ഷത്തിലേക്ക്....

അന്നൊരു വെള്ളിയാഴ്ചയായിരുന്നു അവസാനത്തെ പിരിയഡ് മേരിടീച്ചറുടെ ക്രാഫ്റ്റ് ക്ലാസ്സ്. ചതുരത്തിലുള്ള തുണിക്കഷണത്തിൽ കളറു നൂലുകൾ കൊണ്ട് പലതരം തുന്നലുകൾ ടീച്ചർ പഠിപ്പിയ്ക്കും. തയ്ക്കാനുള്ള തുണിയും സൂചിയും നൂലും കൊണ്ടുവരണമെന്നത് നിർബന്ധമുള്ള കാര്യം. കൊണ്ടു വരാത്തവരെ ആ പിരിയഡുമൊത്തം ടീച്ചർ എഴുന്നേൽപ്പിച്ചു നിർത്തും. മിക്കവാറും അടിയും കിട്ടും.

ഐഷാബി ടീച്ചറുടെ ഹിന്ദിപിരിയഡുകഴിഞ്ഞ് ബുക്കെടുത്ത് ബാഗിൽ വെച്ചിട്ട് ഞാൻ തയ്ക്കാനുള്ള തുണിയെടുക്കാൻ നോക്കി ദൈവമേ..... തുണിക്കഷണം കാണുന്നില്ല. ബാഗു മൊത്തം പരതി. ബുക്കെല്ലാമെടുത്ത് പുറത്തിട്ടു ഇല്ല.... എങ്ങും കാണുന്നില്ല.



Ieesha Nisrin
BArch Student
nishad.khalid@yahoo.com







പുറത്തെ ചാറ്റൽ മഴ എന്റെ മനസ്സിൽ ഭയത്തിന്റെ പേമാരിയായി മാറി. ഒരു കൈകൊണ്ട് പുസ്തകവും പേഴ്സും മാറോടു ചേർത്തു പിടിച്ച്, മറ്റേ കയ്യിൽ വടിയുമായി സാരിത്തലപ്പു തലയിലിട്ട് മേരി ടീച്ചർ ദൂരെ നിന്നും നടന്നു വരുന്നു.

മനസ്സ് പെരുമ്പറ കൊട്ടാൻ തുടങ്ങി പഠനത്തിൽ മുന്നിലും കുരുത്തക്കേടിന്റെ കാര്യത്തിൽ പിന്നിലുമായിരുന്നതുകൊണ്ട് വീട്ടിൽ നിന്നും സ്ക്കൂളിൽ നിന്നുമൊന്നും ശകാരമോ അടിയോ കിട്ടി എനിക്കു ശീലമുണ്ടായിരുന്നില്ല. അമ്മൂമ്മ പറഞ്ഞു തന്ന രാമായണം കഥയിലെ സീതയെപ്പോലെ ഭൂമി പിളർന്ന് താഴ്ന്നു പോയിരുന്നെങ്കിലെന്ന് ഒരു നിമിഷം പ്രാർത്ഥിച്ചു പോയി.

'എന്താ എന്തു പറ്റി ' ?

'തയ്ക്കാനുള്ള തുണികൊണ്ടു വന്നില്ല'

ആരൊക്കെയോ തമ്മിൽത്തമ്മിൽ പറയുന്നു.

ടീച്ചർ ക്ലാസ്സിലെത്തി. തുണിക്കഷണവുമായി മേശയ്ക്കരികിലേയ്ക്ക് ഓരോരുത്തരായി നീങ്ങിത്തുടങ്ങി. പെട്ടെന്ന് പിന്നിൽ നിന്നും ആരോ എന്നെ തോണ്ടി. തിരിഞ്ഞു നോക്കുമ്പോൾ ഏറ്റവും പിന്നിലെ ബഞ്ചിലെ സുമ.

ഇതു വെച്ചോ......

കയ്യിൽ നീട്ടിപ്പിടിച്ചിരിക്കുന്ന തുണിക്കഷ്ണം. അപ്പോൾ സുമയോ?

'അതു സാരമില്ല. ബിന്ദു തയ്ച്ചോ 'ഒരുനിമിഷം ഞാൻ എന്തു ചെയ്യണമെന്നറിയാതെ നിൽക്കുമ്പോൾ ടീച്ചറുടെ ശബ്ദമുയർന്നു. 'തുണി കൊണ്ടുവരാത്തവർ ഇവിടെ വന്ന് നിരന്നു നിൽക്ക് ' മേശയ്ക്കരികിലേയ്ക്കു പോകുന്ന കുട്ടികൾക്കൊപ്പം സുമയും നടക്കുമ്പോൾ ഞാൻ തടഞ്ഞില്ല. തുണിക്കഷണം തിരിച്ചു കൊടുത്തില്ല. അടിയോടുള്ള ഭയവും ഒരു പത്തുവയസ്സുകാരിയുടെ പക്വതക്കുറവുമാകാം.

രണ്ടു മൂന്നു പേർക്ക് തുന്നാനുള്ളത് കാണിച്ചു കൊടുത്ത ശേഷം ടീച്ചർ വടിയുമായി എഴുന്നേറ്റു. നിരന്നു നിൽക്കുന്നവരുടെ മുന്നിലെത്തി. നീട്ടിപ്പിടിച്ച കൈകൾക്കു മുന്നിൽ മൈലാഞ്ചിവടി വായുവിൽ ഉയർന്നു താണു. ടീച്ചർ സുമയ്ക്കു മുന്നിലെത്തിയപ്പോൾ ഞാനാകെ തളർന്നു. ആ അടി കൊണ്ടത് എന്റെ ഹൃദയത്തിലായിരുന്നു. മുറിപ്പാടിന്റെ നീറ്റലും ചോര പൊടിഞ്ഞതും എന്റെ ഉള്ളിലായിരുന്നു. വല്ലാത്തൊരു നിസ്സഹായാവസ്ഥയിൽ ഞാൻ നിന്നുരുകി . എങ്ങനെയെങ്കിലും ആ പിരിയഡൊന്നു തീർന്നു കിട്ടിയാൽ മതിയെന്ന അവസ്ഥ. അന്നത്തെ നാൽപത് മിനിറ്റിന് നാൽപതുമണിക്കൂറിന്റെ ദൈർഘ്യമായിരുന്നു

ഒടുവിൽ ആശ്വാസത്തിന്റെ തെന്നലായി കൂട്ടമണിയെത്തി. കുറ്റബോധം കൊണ്ടു നിറഞ്ഞ് ഒരുനന്ദിവാക്കുപോലുംപറയാതെതുണിക്കഷണം തിരിച്ചേൽപ്പിക്കുമ്പോൾ സുമയുടെ മുഖത്തൊരു ചെറിയ പുഞ്ചിരിയുണ്ടായിരുന്നു. പിന്നീട് ആരോ പറഞ്ഞറിഞ്ഞു എന്തിനാണ് ആ തുണിക്കഷണം എനിക്കു തന്നതെന്നു ചോദിച്ചപ്പോൾ അടി കിട്ടിയാൽ ബിന്ദു കരയും അതുകൊണ്ടാണെന്ന് സുമ പറഞ്ഞൂന്ന്.

സത്യമാണ്...... അടി കിട്ടിയാൽ ഞാൻ കരയുമായിരുന്നു. പക്ഷേ..... പ്രിയപ്പെട്ട സുമേ..... ഞാൻ കരയരുതെന്ന് ചിന്തിക്കാൻ മാത്രം എന്ത് ആത്മബന്ധമാണ് നമ്മൾ തമ്മിൽ ഉണ്ടായിരുന്നത്? നിന്നോടൊപ്പം നാട്ടുവിശേഷങ്ങളുമായി സ്ക്കൂൾ വഴിയിലൂടെ ഞാൻ നടന്നിട്ടില്ല. ഇടവേളകളിലെ കളികളിൽ നിനക്കൊപ്പം കൂടിയിട്ടില്ല. എന്റെ ചോറ്റുപാത്രത്തിലെ ചമ്മന്തിയും പയറുതോരനും നിനക്കു ഞാൻ പകുത്തു തന്നിട്ടില്ല. ഉ.സാ.ഘയും ല.സാ.ഗുവും കണ്ടു പിടിച്ച് ഹോം വർക്ക് ചെയ്യാൻ നിന്നെ സഹായിച്ചിട്ടില്ല. വൈകുന്നേരങ്ങളിൽ ഒരു കുടക്കീഴിൽ വീട്ടിലേക്കു പോയിട്ടില്ല.

എന്നിട്ടും......

നീയെന്തേ എന്നെ സ്നേഹിച്ചു?

എന്റെ കണ്ണീരു കാണരുതെന്നാഗ്രഹിച്ചു?

ഇന്നും എനിക്കതു മനസ്സിലാകുന്നില്ലല്ലോ കൂട്ടുകാരീ.

താമസിയാതെ പഠിപ്പിസ്റ്റുകളുടെ അഡിവിഷനിലേക്ക് ഞാൻ മാറ്റപ്പെട്ടു. പിന്നീട് സുമയെ കാണലും സംസാരിയ്ക്കലും വിരളമായി. പത്താം ക്ലാസ്സ് പാസായി നഗരത്തിലെ കോളേജിന്റെ വാകമരത്തണലിലേയ്ക്കു പറിച്ചുനട്ടതിനു ശേഷം ഒരിക്കലും ഞാൻ സുമയെ കണ്ടിട്ടില്ല. സുമ എവിടെയെന്നോ എന്തു ചെയ്യുന്നെന്നോ ഇന്നുമെനിക്കറിയില്ല

പക്ഷേ.... ഈ മൂന്ന് പതിറ്റാണ്ടിനിടയിൽ പലപ്പോഴും നീട്ടിപ്പിടിച്ച കയ്യും വായുവിലുയരുന്ന വടിയും ഓർമ്മകളിലൂടെ എന്റെ മനസ്സിലെ കുറ്റബോധത്തിന്റെ കനലിനെ ഊതിക്കത്തിച്ചുകൊണ്ടിരുന്നു. അറിഞ്ഞു കൊണ്ട് ആരേയും ദ്രോഹിക്കാത്ത എനിക്കു പറ്റിയ വലിയ തെറ്റിൽ ഞാൻ പൊള്ളിപ്പിടഞ്ഞു. മറ്റുള്ളവർക്കുള്ളതും കൂടി തനിക്കു കിട്ടണമെന്ന സ്വാർത്ഥതയുടെ ഈ ലോകത്ത് സ്വന്തമായുള്ളത് വിട്ടുകൊടുത്ത് വേദന ഏറ്റുവാങ്ങിയ കൂട്ടുകാരീ... ഉള്ളിലെ കുറ്റബോധത്തിന്റെ തിരി അണയാതെ തന്നെ ഞാനീ അക്ഷരങ്ങളിലൂടെ നിനക്കൊരു നന്ദി വാക്കുപറഞ്ഞോട്ടെ.

എന്റെ ഹൃദയത്തോട് ചേർത്ത് ഞാൻ നിന്നെയൊന്നു പുണരട്ടെ. അന്നത്തെ പത്തുവയസ്സുകാരിയായി നിനക്കു മുന്നിൽ മുട്ടുകുത്തിയിരുന്ന് നീട്ടിപ്പിടിച്ച കയ്യിൽ ഞാനെന്റെ ചുണ്ടുകൾ ചേർത്തോട്ടെ.

ആ കൈവെള്ളയിലെ ചുവപ്പുനിറം കണ്ണുനീരുകൊണ്ടു കഴുകി ഞാൻ പറയട്ടെ

മാപ്പ്...... മാപ്പ്..... മാപ്പ്.....



മഞ്ജു ഉണ്ണി
manjuunnikrishnan1974@gmail.com



# കലമാനുകളെപ്പറ്റിയുള്ള വൈകുന്നേര വിചാരം

മഞ്ഞ് ...... മഞ്ഞ് .......
മഞ്ഞ് മാത്രമുള്ള കുന്നിൻ ചെരുവിലെ
ഇരുട്ടുവീണു തുടങ്ങിയ വഴിയിൽ
ഏറ്റവും അലസമായും
സമാധാനമായും,
ആടിയുലന്നമട്ടിൽ നടക്കുന്ന
ഒറ്റയായൊരു മാനിനെ കണ്ടതും.

ഈ നേരത്തിത് എങ്ങോട്ടാണ്?
വിശപ്പുണ്ടാകുമോ?
ഒറ്റയ്ക്കാണല്ലോ?
എന്ന നൂറ് നൂറ് ചോദ്യങ്ങൾ
കലമാൻ കൊമ്പുപോൽ
മുളച്ച് വളർന്ന് പിളർന്ന്.

തല കുലുക്കി

ഞാനുമാമാനിന്റെ
പിന്നലെ മണ്ടുന്നു
കുന്നും
ഇരുട്ടും
മഞ്ഞും  പിന്നിട്ട്.

നടന്ന്....
നടന്ന്....
നടന്ന്.

വീണ്ടും



സോണിയ ഷിനോയ് പുൽപ്പാട്ട്
soniyapulpatt@gmail.com

# ഞായറാഴ്ച്ചപ്പതിപ്പിൽ ഒളിച്ചു കഴിയുന്നവർ

ആമയും മുയലും കഥയിലൂടെ
ഓർമ്മക്കുഞ്ഞുങ്ങൾ
ഓട്ടമത്സരം നടത്തുമ്പോഴൊക്കെ
ഞായറാഴ്ച്ചപ്പതിപ്പിലെ പദപ്രശ്നങ്ങളിൽ
ഒളിച്ചു കഴിയുന്ന രണ്ടുപേർ
കടലാസ് വിളുമ്പിലൂടൂർന്ന്
പമ്മിപ്പതുങ്ങി ഇറങ്ങി വരുന്നു.
മുറിഞ്ഞ വാക്കുകളെ ഒരാൾ
നീളത്തിലും കുറുകെയും കൂട്ടിക്കെട്ടുമ്പോൾ,
അർത്ഥവ്യത്യാസം വരുത്തി
അപരൻ ആശയക്കുഴപ്പമുണ്ടാക്കുന്നു.

മോട്ടുമുയലിന് വഴി കാട്ടാൻ
ഏകാഗ്രമായി ഞാൻ ശ്രമപ്പെടുമ്പോഴെല്ലാം
വഴികൾ നീ തെറ്റി വരച്ചു ചേർക്കുന്നു.
ഒരു തരത്തിലും ചെന്നു ചേരരുതെന്ന്
മാളങ്ങൾ വെട്ടി ഉരച്ചു മാറ്റുന്നു.

പിന്നെ നമ്മൾ
പാമ്പും കോണിയും കളിക്കുന്ന
കണക്കു കുട്ടികളാവുന്നു.
ഒന്നും ആറും മൂന്നുമായി വീഴുന്ന
ചതുരക്കരുക്കളിൽ പിടിച്ചു തൂങ്ങി,
ഓരോ പടിയും തേഞ്ഞു തീർന്ന
കയറു കോണിയിലൂടെ,
എൻറെ വേഗങ്ങൾ വല്ല വിധേനെയും
മേലേയ്ക്ക് മേലേയ്ക്ക് വലിഞ്ഞു കയറും.
അന്നേരം,
പാമ്പേത് ? കയറേത് ?
എന്നു തിരിയരുതാത്ത വിധം
അക്കങ്ങൾക്കിടയിൽ നീ
പാമ്പിന്റെ നാവറ്റം തൊട്ടു വയ്ക്കുന്നു,
താഴേക്കു താഴേയ്ക്ക് നിർദ്ദയം വീഴ്ത്തുന്നു.

ആദ്യമാദ്യം,
കളിയുടെ കുറുമ്പെന്ന് നീ,
കൊള്ളാം, രസമെന്ന് ഞാൻ.
പിന്നെപ്പിന്നെ,
കളിയുടെ രീതിയെന്ന് നീ,
മതി, അരുതെന്ന് ഞാൻ.
ഒടുവിലൊടുവിൽ,
കളിയുടെ നിയമമെന്ന് നീ,
തീർത്തും അനീതിയെന്ന് ഞാൻ.

അതോടെ നീ തന്നെ,
വെറും പാമ്പാവുകയാണ്.
വാലറ്റം കുത്തിപ്പുളഞ്ഞ്,
ചിലപ്പോൾ ചുറ്റി വരിഞ്ഞ്,
ചിലപ്പോൾ പത്തി വിടർത്തി,
ചിലപ്പോൾ ഫണമാടി,
ചിലപ്പോൾ വിഷം ചീറ്റിയും.

എന്നാൽ,
സർപ്പ ദംശനത്തിന് തൊട്ടു മുൻപ്,
കുലുക്കിക്കുത്താതെ,
കുത്തനെ കരുവെറിഞ്ഞ്,
'രണ്ട്' എന്നു കൃത്യം വീഴ്ത്തി,
രണ്ടു കളം മാത്രം ഏന്തിക്കയറി,
കിട്ടിയ കോണിയുടെ ചുവട്ടിൽ ചുരുങ്ങി,
പതിയെ മേലേയ്ക്ക് മേലേയ്ക്ക്
വീണ്ടും ഞാൻ പതുങ്ങുന്നു.
ഇനി ഞാൻ ചതുരക്കരു എറിയുന്നില്ല.

നീ ഇപ്പോൾ എന്നെ
പിന്നെയും നിഷ്കളങ്കമായി
കളം വെട്ടി കളിക്കാൻ വിളിക്കുന്നുണ്ട്.
കള്ളക്കളി പക്ഷെ,
സൂക്ഷ്മം ഞാൻ നോക്കി വയ്ക്കുന്നുമുണ്ട്.



വിജു ജോസഫ്
Viju.Joseph@dubaicustoms.ae



# വേറിട്ട കാഴ്ച്ച

ആരുടെയോ ഉച്ചത്തിലുള്ള 'എബി' എന്നുള്ള വിളികേട്ടാണ് ഞാൻ കണ്ണ് തുറന്നത്. വാച്ചിൽ നോക്കിയപ്പോ സമയം 1:10. ബെഡിൽ തലയിണ ചാരിവെച്ചാണ് ഞാൻ ഇരിക്കുന്നത്. കയ്യിലുള്ള പുസ്തകം മാറോടുചേർത്ത് കമഴ്ത്തി വെച്ചിരിക്കുന്നു. ലാസ്റ്റ് സെമസ്ടറിൻറെ ഇലക്ട്രോണിക്സ് ബുക്ക് വായിച്ച് ഉറങ്ങിയതായിരുന്നു.
ഞാൻ എന്നെ പറ്റി പറഞ്ഞില്ലല്ലോ...

'ഞാൻ എബി ഫൈനലിയർ എൻജിനീയറിങ്ങിന് പഠിക്കുന്നു. ഇപ്പോൾ സ്റ്റഡിലീവിന് വീട്ടിൽ വന്നതാണ്. ഞങ്ങളുടെ ഒരു ചെറിയ ക്രൈസ്തവ കുടുംബമാണ്. ഞാനാണ് വിട്ടിലെ മൂത്ത പുത്രൻ, എൻറെ താഴെ പ്ലസ്ടുവിന് പഠിക്കുന്ന അനിയത്തി 'ജിൻസി'. പപ്പാ LICയിലെ ഒരുദ്യോഗസ്ഥൻ. അമ്മ ഞങ്ങളെയൊക്കെ നോക്കി വീട്ടിൽ സ്വസ്ഥം. ഊണ് കഴിക്കാനുള്ള അമ്മയുടെ വിളിയാണ് താഴെ നിന്ന് കേട്ടത്..
'ഞാനിതാ വരുന്നു'. എന്ന് പറഞ്ഞ് വേഗം മുഖം കഴുകി താഴത്തേക്ക് ചെന്നു. അവിടെ പപ്പയും ജിൻസിയും എന്നെ പ്രതീക്ഷിച്ച് ഊണുമേശയിൽ അക്ഷമയോടിരിക്കുന്നു. പപ്പയെ അപ്രതീക്ഷമായി കണ്ടപ്പോ ഞാൻ ചോദിച്ചു 'ഇന്ന് ശനിയാഴ്ചയായിട്ട് പപ്പാ ഓഫീസിൽ പോയില്ലേ?'

'ഇന്ന് ഓഡിറ്റിങ് ആയിരുന്നു. എല്ലാം നേരത്തെ കഴിഞ്ഞു. നീ സമയം കളയാതെ കൈ കഴുകി വേഗം വാ നല്ല വിശപ്പുണ്ട്' ഞാൻ മുകളിൽ നിന്ന് കഴുകി' എന്ന് പറഞ്ഞ് വേഗം ജിൻസിയുടെ അടുത്തുള്ള കസേരയിൽ ഇരുന്നു.
പപ്പയും ഇന്ന് ഉച്ചക്ക് ഊണ് കഴിക്കാനുള്ളത്

കാരണം അമ്മയുടെ മുഖത്ത് നല്ല തെളിച്ചമാണ്. അമ്മക്ക് ചോറും കറികളും വിളമ്പാനും എല്ലാം നല്ല ഉൽസാഹമായിരുന്നു.

അപ്പോഴാണ് എന്റെ മൊബൈൽ അടിക്കുന്നത് കേട്ടത്. ഈ മൊബൈലുകൾക്കൊരു സ്വഭാവമുണ്ട്. നമ്മൾ ഉറക്കം പിടിച്ച് തുടങ്ങുമ്പോൾ, ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുമ്പോ, ബാത്രൂമിൽ ചെന്ന് ഷവറിനടിയിൽ മുടി നനക്കുമ്പോ അല്ലെങ്കിൽ കവിളിൽ ഷേവിംഗ് ക്രീം പതപ്പിക്കുമ്പോ ഒക്കെയാവും അത് കിടന്ന് ബഹളം കൂട്ടാൻ തുടങ്ങുക.

'നീയവിടെ കിടന്നടിച്ചോണ്ടിരിക്ക്' എന്റെ മനസ്സിൽ പറഞ്ഞ് ഞാൻ വീണ്ടും കഴിക്കാൻ തുടങ്ങി. പക്ഷെ മൊബൈൽ തുടരെ തുടരെ റിംഗ് ചെയ്തുകൊണ്ടിരുന്നപ്പോൾ മറുവശത്ത് ക്ഷമ നശിച്ച ഒരാവശ്യക്കാരൻ ചെവിപഴുപ്പിക്കുകയാണെന്ന് മനസ്സിലായി. ഞാൻ പപ്പയെ നോക്കിയപ്പോ ഭക്ഷണം കഴിക്കാനുള്ള സിഗ്നലാണ് എനിക്കാമുഖത്തിൽ നിന്ന് മനസ്സിലായത്. മൊബൈൽ അവിടെ അടിച്ചുകൊണ്ടേയിരുന്നു. പെട്ടന്ന് ഊണ് കഴിച്ച് കൈ കഴുകി മൊബൈലും എടുത്ത് മുകളിലേക്ക് ഓടി. ഞാൻ കട്ടിലിൽ വന്നിരന്നപ്പോഴേക്കും മൊബൈൽ വീണ്ടും ശബ്ദിച്ചു.

'ഹലോ' ഞാൻ മൊബൈൽ എടുത്തു 'എബി... താനെന്താടോ ഫോണെടുക്കാത്തെ?' മറുവശത്തുനിന്ന് പരിചിതമായ ശബ്ദം. അത് ട്രീസ ആയിരുന്നു. എൻറെ പ്രേമഭാജനം. ഞങ്ങൾ സിക്സ്ത് ക്ലാസ്സുമുതൽ ഒരുമിച്ചു പഠിച്ചവരാണ്. അവൾ പ്ലസ്ടൂ കഴിഞ്ഞപ്പോ മെഡിസിനും ഞാൻ എൻജിനിയറിങ്ങിനും പോയി. പ്രൊഫഷണലായി രണ്ട് രുചികളാണെങ്കിലും പേർസണലായി ഒരേ ചിന്താഗതിക്കാരും ആശയക്കാരുമാണ്. എന്നെപ്പോലെ അഭിനയിക്കുന്നവരിൽ... 'മോഹൻലാലും' 'കമൽഹാസനും' ആണ് ഞങ്ങളുടെ ഹീറോസ്... പിന്നെ പാട്ടുകാരിൽ 'യേശുദാസ്'... 'കിഷോർ കുമാർ'.. 'എന്ട്രിക്'... 'ലയണൽ റിച്ചി' അങ്ങനെ പോകുന്നു ഞങ്ങളുടെ ഇഷ്ടങ്ങൾ. മറുതലക്കു നിന്നും വീണ്ടും ശബ്ദം 'എന്താ ഒന്നും മിണ്ടാത്തെ' എടീ നീ നല്ല പണിയ കാണിച്ചേ. ഇന്ന് പപ്പാ വീട്ടിലുണ്ട്. ഞങ്ങളെല്ലാവരും ഊണ് കഴിക്കുകയായിരുന്നു... അപ്പോഴാണ് നിന്റെ നിർത്താത്ത വിളികൾ. നീയെതിനാ വിളിച്ചത്?' നീ വേഗം ഡ്രസ്സ് മാറി മാതാ തീയറ്ററിലേക്ക് വാ. ഞാൻ രണ്ട് ടിക്കറ്റ് ശരിയാക്കിയിട്ടുണ്ട്. ഇവിടെ ഞാൻ മേഴ്സിയുടെ അടുത്ത് കമ്പൈൻ സ്റ്റഡിക്ക് പോകുകയാണെന്നാണ് പറഞ്ഞത്. നീയതുപോലെ എന്തേങ്കിലും പറഞ്ഞ് ചാടിക്കോ. നിനക്ക് നമ്പരുകളൊന്നും പ്രത്യേകിച്ച് പറഞ്ഞുതരണ്ടല്ലോ....' ഞാൻ എന്തെങ്കിലും പ്രതികരിക്കും മുമ്പ് അവൾ തന്നെ എല്ലാം തീരുമാനിച്ചുകഴിഞ്ഞു. അവൾക്ക് എന്നെകുറിച്ചുള്ള ഓവർ കോൺഫിഡൻസ് കണ്ടപ്പോൾ ഞാൻ പറഞ്ഞു

'താങ്ക്യൂ ഫോർ യുവർ കോമ്പ്ലിമെൻറ്. ഞാൻ എങ്ങനെയെങ്കിലും മാനേജ് ചെയ്തോളാം. നിന്നെ സ്നേഹിച്ചു പോയില്ലേ?' താഴെനിന്നും അമ്മയുടെ ശബ്ദം

'എബീ ആരെടാ അത്... നീയാരോടാ എത്തിയേക്കാം എന്ന് പറഞ്ഞത്. ഇന്ന് നീയെവിടെക്കും പോകണ്ട. ഇന്ന് പപ്പാ നമ്മളെയെല്ലവരെയും സിനിമയ്ക്ക് കൊണ്ടുപോകാമെന്ന് പറഞ്ഞിട്ടുണ്ട്. കുറെ കാലമായി നമ്മെളെല്ലാവരും ഒരുമിച്ചൊരു പടത്തിന് പോയിട്ട്' ഞാൻ സ്വയം പറഞ്ഞു 'ഇത് കുരിശായി'.

ട്രീസയാണെങ്കിൽ ഒരു തോട്ടാവാടിയാണ് പെട്ടന്ന് പിണങ്ങും. പിന്നെയാവാശി കുറെ ദിവസത്തേക്ക് കൊണ്ടുനടക്കും. ക്ലോക്കിൽ സമയം നോക്കിയപ്പോ 1:50. രണ്ടരക്ക് സിനിമ തുടങ്ങും. 'അവൾക്ക് കുറച്ചുനേരത്തെ വിളിച്ചുകൂടായിരുന്നോ' ഞാൻ മനസ്സിൽ സ്വയം ശപിച്ചു. 'അമ്മെ മനോജാണ് വിളിച്ചത്. ഫൈനലിയർ എക്സാം വരല്ലേ.. ഇന്ന് സുരേഷിന്റെ വീട്ടിൽ കമ്പൈൻ സ്റ്റഡിക്ക് പോകാനാണ്. നിങ്ങൾ സിനിമക്ക് പൊയ്ക്കോ. ഞാൻ എക്സാം കഴിഞ്ഞ് കണ്ടോളാം.' അമ്മയ്ക്ക് ഒട്ടും ഇഷ്ടപെട്ടിട്ടില്ല എന്ന് അമ്മയുടെ മുഖം കാണാതെ തന്നെ എനിക്കറിയാമായിരുന്നു.

വേഗം ഒരു ജീൻസും ടീ ഷർട്ടും എടുത്തിട്ട് അമ്മയോടും എല്ലാവരോടുമായി 'ഞാൻ പോയിട്ട് വരാം' എന്നുറക്കെ പറഞ്ഞ് ബൈക്കിന്റെ ചാവിയുമായി പുറത്തേക്കിറങ്ങി. ഇറങ്ങുമ്പോ മുൻവശത്തെ വാതിലിൽ കുറുകെ നിന്നിരുന്ന ജാൻസിയുടെ നോട്ടം വച്ചുള്ള മൂളൽ അവൾക്കെന്തോ സംശയം ഉള്ളത് പോലെ തോന്നി. ഞാൻ അവളുടെ തലക്ക് ഒരു മേട് വെച്ചുകൊടുത്തിട്ട് ഓടി ബൈക്കിൽ കയറി ഓട്ടോ സ്റ്റാർട്ട് ബട്ടൻ പ്രസ് ചെയ്തു. ബൈക്കിനു ഒരനക്കവും ഇല്ലാ... കുറെ നേരം കിക്ക് ചെയ്തു നോക്കി ഒരു വ്യത്യാസവും ഇല്ലാ... വാച്ചിലേക്ക് നോക്കി... സമയം 2:10. വേഗം വീടിന്റെ ഗേറ്റ് കടന്ന് പുറത്തിറങ്ങി ഏതെങ്കിലും ഓട്ടോ കിട്ടുമെന്ന പ്രതീക്ഷയിൽ വേഗത്തിൽ നടന്നു. നടക്കുന്നതിന്റെ ഇടയിൽ ഞാൻ പുറകോട്ട് തിരിഞ്ഞ് നോക്കുന്നുണ്ടായിരുന്നു വല്ല ഓട്ടോയും വരുന്നുണ്ടോയെന്ന്.

ഒരു അഞ്ചുമിനിട്ട് നടന്നതിന് ശേഷം ഒരു ഓട്ടോ അകലെനിന്ന് വരുന്നത് കണ്ടു. ഓട്ടോക്കാരൻ ശരിക്ക് കാണാൻ വേണ്ടി റോഡിലേക്ക് കുറച്ച് കയറി നിന്ന് കൈ കാണിച്ചു. പെട്ടന്ന് പുറകിൽ നിന്ന് ഒരു വണ്ടിയുടെ ബ്രേക്ക് പിടിക്കുന്ന ശബ്ദം കേട്ടു. തിരിഞ്ഞു നോക്കിയപ്പോ ഒരു ലോറിയെ ഓവർടേക് ചെയ്ത് ഒരു ബസ് എന്റെ നേരെ വരുന്നു. എനിക്ക് പെട്ടന്ന് മാറാൻ പറ്റിയില്ല... എന്നെ ബസ് ചെറുതായിട്ടൊന്ന് തട്ടി. ഞാൻ കുറച്ചുമാറി നിലത്ത് തെറിച്ച് വീണു. ഉടനെ എഴുന്നേറ്റ് കൈക്കും കാലിനും എന്തെങ്കി

ലും പറ്റിയോയെന്നുനോക്കി. പിന്നെ ബസിന്റെ ഡ്രൈവറിന്റെ മുഖത്തേക്ക് രൂക്ഷമായി കുറച്ച് അമർഷത്തോടെ നോക്കിയപ്പോൾ ഞാൻ കണ്ടത് അയാൾ പൂച്ചയപോലെ പേടിച്ച് ബസിൽ നിന്ന് ഇറങ്ങി ഓടുന്നതാണ്. അപ്പോഴേക്കും അവിടേക്ക് കുറച്ചാളുകൾ ഓടിക്കൂടാൻ തുടങ്ങി. ഞാൻ പെട്ടന്ന് വാച്ചിലേക്ക് നോക്കിയപ്പോ സമയം 2:20. പെട്ടന്നു ട്രീസയുടെ ദേഷ്യപ്പെട്ട മുഖമാണ് ഓർമ വന്നത്. വേഗത്തിൽ തീയറ്ററിനെ ലക്ഷ്യമാക്കി നട ന്നു.. നടക്കുകയല്ലായിരുന്നു അതൊരു തരത്തിൽ ഓട്ടമായിരുന്നു.

തീയറ്ററിന്റെ ഗേറ്റ് അടച്ചിട്ടിരിക്കുകയാ യിരുന്നു. പിന്നെ ഒരു ബോർഡും 'ഹൌസ് ഫുൾ.' എന്റെ മുമ്പിലുള്ള ഒരാൾ അകത്തേക്ക് കയ റാൻ അവിടെ നിൽക്കുന്ന സെക്യൂരിറ്റികാരനോ ട് ചോദിച്ചപ്പോൾ അയാൾ ടിക്കറ്റ് ചോദിച്ചു. അതി ന്റെ എന്ട്രൻസിൽ നിൽക്കുന്നവരിരൊന്നിലും ഞാൻ ട്രീസയുടെ മുഖം കണ്ടില്ല.

ട്രീസയെ മൊബൈലിൽ വിളിക്കാൻ പോക്കറ്റിൽ കയ്യിട്ടപ്പോഴാണ് അത് അക്സിഡൻറ്റി ൽ നഷ്ടപ്പെട്ട കാര്യം മനസിലായത്. കുറച്ചു നേരം അവിടെ ചുറ്റി പറ്റി നിന്നു.. അവളെങ്ങാനും പുറ ത്തേക്ക് വന്നാലോ'

പരിചയമുള്ള ആരെയും ഞാൻ അവിടെ കണ്ടില്ല അവൾ മിക്കവാറും എന്നോടുള്ള ദേഷ്യ ത്തിന് ഒറ്റക്കിരുന്നു സിനിമാ കാണുന്നുണ്ടാകും പടം വിടുമ്പോൾ നല്ലൊരു സോറി പറയാം എന്നു വിചാരിച്ചു കുറച്ചു നടന്നാൽ കാണുന്ന ബോട്ട് ജെട്ടിയിൽ കുറച്ചു നേരം ഇരുന്നു സമയം കള ഞ്ഞതിന് ശേഷം വീണ്ടും തീയറ്ററിന്റെ മുമ്പിൽ വന്നു നിന്നു.. പടം വിട്ടു... ആളുകൾ ഓരോരു ത്തരായി ഇറങ്ങി വന്നു മോഹൻലാലിന്റെ സിനിമയായ കാരണം നല്ല തിരക്കുണ്ടായിരുന്നു. അവരുടെ ഇടയിലൊന്നും എനിക്ക് ട്രീസയുടെ മുഖം കാണാൻ കഴിഞ്ഞില്ല.

ഞാൻ നിരാശയോടെ തിരിഞ്ഞു നടക്കുമ്പോൾ ബസ്സ്റ്റോപ്പിൽ വീടിന്റെ മുമ്പി ലൂടെ പോകുന്ന പയ്യപ്പിള്ളി ബസ് നില്കുന്നു. വേഗം അതിൽ ചാടി കയറി പുറകിലെ സീറ്റിൽ ഇരുന്നു. അധികം ആരും ബസിൽ ഉണ്ടായി രുന്നില്ല. കണ്ടക്ടർക്ക് എന്നെ പരിചയമുള്ളത് കാരണമായിരിക്കാം ടിക്കറ്റ് എടുക്കാൻ ആരും വന്നില്ല. വീടിന്റെ അടുത്തെത്താറായപ്പോൾ ഞാൻ പതുക്കെ എഴുന്നേറ്റ് വാതിലിന്റെ അടുത്തേക്ക് നടന്നു. അതിനു മുമ്പുതന്നെ ഒന്നു രണ്ടു പേർ ഇറങ്ങനായി വാതിലിൽ നിൽപുണ്ടാ യിരുന്നു. ഞാൻ ബസിറങ്ങി ട്രീസയെ ഫേസ് ചെയ്യേണ്ടതെങ്ങനെ എന്നോർത്ത് വീട്ടിലേക്ക് നടന്നു. വീടിൻറെ മുമ്പിലൊരു ആൾ കൂട്ടം. എൻറെ ഹൃദയമൊന്ന് വല്ലാതെ ഇടിച്ചു 'അനി ഷ്ടങ്ങളൊന്നും സംഭവിക്കല്ലേ' എന്നു മനസിൽ മന്ത്രിച്ചു

ഗേറ്റ് കടന്നു മുറ്റത്തെത്തിയപ്പോ എല്ലാ വരുടെയും മുഖത്ത് വിഷാദം' ആരും എന്നെ ശ്രദ്ധിക്കുന്നുണ്ടായിരുന്നില്ല സിറ്റൗട്ടിൽ പപ്പ തല കുമ്പിട്ടിരുന്ന് കരയുകയോ അതോ വിഷ മിച്ചിരിക്കുകയോ എന്നു മനസിലായില്ല.. ഞാൻ പപ്പയെ വിളിക്കാൻ ശ്രമിച്ചു. എന്തുകൊണ്ട് ആരും എന്നോട് പറഞ്ഞില്ല എന്ന പരിഭവം എന്റെ മുഖത്തുണ്ടെങ്കിലും അതൊന്നും കാര്യമാക്കാതെ എന്തും നേരിടാനായി മനസ്സുകൊണ്ടുറപ്പിച്ച്... എന്താണെന്നറിയാനുള്ള ആകാംക്ഷയല്ല പക്ഷേ എന്തോ തേടുന്നത് പോലെ... എൻറെ കാലുകൾ ഞാൻ അറിയാതെ തന്നെ വീടിന്റെ ഉള്ളിലേക്ക് ചലിച്ചു

മുറിയുടെ ഒരു മൂലക്ക് ട്രീസ കരഞ്ഞു കലങ്ങിയ കണ്ണുകളിൽ നിൽക്കുന്നുണ്ടായിരുന്നു അവൾക്ക് താഴെയിരുന്ന് കരയുന്ന ജിൻസിയുടെ കണ്ണിലേക്കു എനിക്ക് നോക്കാൻ കഴിഞ്ഞില്ല. അമ്മയെ ഞാൻ അവിടെയെല്ലാം അന്വേഷിച്ചു .. അമ്മയെ മാത്രം എവിടെയും കണ്ടില്ല.

അവിടെ താഴെ വെള്ള തുണി കൊണ്ട് പൊതിഞ്ഞൊരു ശരീരം. ഒരു വിറയലോടെ ഞാ ൻ ആ മുഖത്തേക്കൊന്നു നോക്കി... എനിക്ക് ഒന്നേ നോക്കുവാൻ കഴിഞ്ഞുള്ളൂ.... അതിന് എൻറെ മുഖഛായാ...





ബിജു ബി .റാഫേൽ
bijubr2014@gmail.com

# മിന്നാമിനുങ്ങ്



ഓരോ ചുംബനത്തിനും
ദൈവം
ഓരോ മിന്നാമിനുങ്ങിന്
ചിറകു തയ്ക്കും .....

പ്രണയ നിലാവിൽ
നഷ്ടപ്പെട്ടു പോകുന്നവർക്ക്
വഴി കാണിക്കാൻ
പറഞ്ഞയക്കും ....

ഗാഢ പ്രണയങ്ങൾക്ക്
ഒന്നിന് പകരം പത്ത് '....
ഒന്നായി ചേർന്നുപോയവർക്ക്
പത്തിന് പകരം നൂറ് ...

നീ എണ്ണിയിരുന്നുവോ ..?

നിന്റെ ചുണ്ടിൽ
ഞാൻ ആദ്യം ചുംബിച്ചപ്പോൾ
നമുക്ക് ചുറ്റും പറന്നത്
ആയിരത്തൊന്നു മിന്നാമിനുങ്ങുകൾ .....



Zia Nisrin
Class : 11
nishad.khalid@yahoo.com






www.allsmilesdentspa.com
Get the Smile
You've Always
Wanted with
Clear Aligners
BOOK YOUR
APPOINTMENT!
ALL SMILES DENTAL SPA
All Smiles
Multispeciality
Dental Spa
0503472771, 043473770
0562375568,0567594736




# BARAAK

--- by BVK ---

AN INDO ARAB SILK ROUTE CUISINE

FIND US AT

FOLLOW US ON

BARAAKOFFICIAL

www.BARAAK.ae | +971 5056 12345 | IG: @baraakofficial